بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 5

വാർഷിക വരിസംഖ്യ 500 രൂപ

ലക്കം 28

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ജൂലായ് 09/ഹി.ശം. 1399 വഫാ 09/1441 ദുൽഖഅദ് 17

## അല്ലാഹുവിന്റെ വചനം

اِنَّمَا التَّوۡبَۃُ عَلَی اللّٰہِ لِلَّذِیۡنَ یَعۡمَلُوۡنَ السُّوۡٓءَ بِجَہَالَۃٍ ثُمَّ یَتُوۡبُوۡنَ مِنۡ قَرِیۡبٍ فَاُولٰٓئِکَ یَتُوۡبُ اللّٰہُ عَلَیۡہِمۡ ؕ وَکَانَ اللّٰہُ عَلِیۡمًا حَکِیۡمًا ○ (النساء:18)

‘അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ പശ്ചാത്താപം,അജ്ഞത നിമിത്തം തിന്മ ചെയ്യുകയും എന്നിട്ട് താമസിയാതെ പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുന്നവരുടേതു മാത്രമാണ്. അല്ലാഹു അക്കൂട്ടരുടെമേൽ കാരുണ്യത്തോടെ തിരിയുന്നതാണ്. അല്ലാഹു സർവജ്ഞനും യുക്തിജ്ഞനുമാകുന്നു.’(4:18)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ഇപ്പോഴുള്ള അവസ്ഥയിൽ പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദിന്റെ പ്രവൃത്തി കുരിശുടയ്ക്കുക എന്നതാണെന്ന് സത്യന്വേഷികൾ മനസ്സിലാക്കേണ്ടതാണ്. കാരണം കുരിശിന്റെ ഫിത്ന(ഉപദ്രവം)ഭയാനകമായ നിലയിൽ വ്യാപിച്ചിരിക്കുകയാണ്.**

**പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദ് മസീഹ് മൗഊദ് തന്നെയായിരിക്കും. സത്യത്തിനുവേണ്ടി ദാഹിക്കുന്നവരിലേക്കാണ് നമ്മുടെ ശ്രദ്ധയുള്ളത്. പക്ഷേ, അത് സത്യാന്വേഷണം മാത്രമായിരിക്കാൻ പാടില്ല. ഇതിനു വിരുദ്ധമായ സ്വഭാവക്കാർ നമ്മിൽനിന്ന് എന്തു ഫലമെടുക്കാനാണ്? ഓർക്കുക, പക്ഷപാതി അല്ലാത്തവനാണ് ഹിദായത്തുണ്ടാകുന്നത്. ചിന്തിക്കാത്തവർ ഫലമെടുക്കുകയില്ല.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

## പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദിന്റെ പ്രവൃത്തി

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ‘ക്രിസ്ത്യാനികളുടെ ഫിത്ന(ഉപദ്രവം) ഉമ്മുൽ ഫിത്ന (ഉപദ്രവങ്ങളുടെ മാതാവ്)യാണ്. അതു കൊണ്ട് പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദ്(പരിഷ്കർത്താവ്)ന്റെ പ്രവൃത്തി യക്സിറുസ്സ്വലീബ (കുരിശിനെ ഉടയ്ക്കൽ)ആകുന്നു. അതിൽനിന്ന് ശരിയായി വന്ന ലക്ഷണംകൊണ്ട് 14-ാം നൂറ്റാണ്ടിലെ മുജദ്ദിദ് മസീഹ് മൗഊദായി നിശ്ചയിക്കപ്പെട്ടു. കാരണം ഹദീഥുകളിൽനിന്ന് മസീഹുമൗഊദിന്റെ പ്രവൃത്തി യക്സിറുസ്സ്വലീബാണെന്ന് സ്ഥാപിതമാകുന്നു. ഇപ്പോൾ നമ്മുടെ എതിരാളികൾക്കും പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദിന്റെ പ്രവൃത്തി യക്സിറുസ്സ്വലീബ തന്നെ ആയിരിക്കേണ്ടതാണെന്ന് അംഗീകരിക്കേണ്ടിവന്നിരിക്കുന്നു. കാരണം അവരുടെ മുമ്പിലുള്ളത് ഈ മുസ്വീബത്താണ്. അപ്പോൾ പിന്നെ നിഷേധിക്കാൻ എന്തു പഴുതാണുള്ളത്; അതായത് പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദ് മസീഹ് മൗഊദ് തന്നെയായിരിക്കും. സത്യത്തിനുവേണ്ടി ദാഹിക്കുന്നവരിലേക്കാണ് നമ്മുടെ ശ്രദ്ധയുള്ളത്. പക്ഷേ, അത് സത്യാന്വേഷണം മാത്രമായിരിക്കാൻ പാടില്ല. ഇതിനു വിരുദ്ധമായ സ്വഭാവക്കാർ നമ്മിൽനിന്ന് എന്തു ഫലമെടുക്കാനാണ്? ഓർക്കുക, പക്ഷപാതി അല്ലാത്തവനാണ് ഹിദായത്തുണ്ടാകുന്നത്. ചിന്തിക്കാത്തവർ ഫലമെടുക്കുകയില്ല. അതുകൊണ്ട് ഇപ്പോഴുള്ള അവസ്ഥയിൽ പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദിന്റെ പ്രവൃത്തി കുരിശുടയ്ക്കുക എന്നതാണെന്ന് സത്യന്വേഷികൾ മനസ്സിലാക്കേണ്ടതാണ്. കാരണം കുരിശിന്റെ ഫിത്ന(ഉപദ്രവം)ഭയാനകമായ നിലയിൽ വ്യാപിച്ചിരിക്കുകയാണ്. ഇസ്ലാം എങ്ങനെയുള്ള ദീനായിരുന്നു; അതിൽനിന്ന് ഒരാൾപോലും മുർത്തദ്ദായാൽ ഖിയാമത്ത് (ആപത്ത്)സംഭവിക്കുമായിരുന്നു. എന്നാൽ, ഇപ്പോൾ എത്രമാത്രം ഖേദകരമാണ്, മുർത്തദ്ദാകുന്നവരുടെ സംഖ്യ ലക്ഷങ്ങളോളമെത്തി. ആത്മപരിശുദ്ധിക്ക് ലോകത്ത് ഒരു ഉദാഹരണവുമില്ലാത്ത സമ്പൂർണ മനുഷ്യനായ നബി(സ) തിരുമേനിയെ കുറിച്ച് മുസ്ലിം വീടുകളിൽ പിറന്നവർ ഹൃദയഭേദകമായ പലതരത്തിലുള്ള അപവാദങ്ങളും പറഞ്ഞുപരത്തുന്നു. നിഷ്ക്കളങ്കരായവരുടെ നേതാവിനെ നിഷേധിച്ചുകൊണ്ട് കോടിക്കണക്കിന് ഗ്രന്ഥങ്ങൾ ആ സംഘക്കാർ പ്രസിദ്ധീകരിച്ചുകൊണ്ടിരുക്കുന്നു. അപ്പോൾ ഇത്തരം അവസ്ഥയിൽ അല്ലാഹു ഏതെങ്കിലും പരിഷ്കർത്താവിനെ അയക്കുകയില്ലെന്നാണോ? ഇനി ഏതെങ്കിലും മുജദ്ദിദു വന്നാൽ നിങ്ങൾത്തന്നെ അല്ലാഹുവിനെ ഓർത്ത് ചിന്തിച്ചു പറയുക, അയാളുടെ പ്രവൃത്തി ‘റഫഅ യദയി’ന്റെ(നമസ്കാരത്തിൽ റുക്കൂയിനുശേഷം എഴുന്നേല്ക്കുമ്പോൾ കൈപൊക്കലിന്റെ)കാര്യത്തിൽ വഴക്കിടുകയും ഉച്ചത്തിൽ ആമീൻ പറയണോ വേണ്ടേ എന്ന കാര്യത്തിൽ കലഹിച്ചു നടക്കുകയുമാണോ?

ചിന്തിച്ചു നോക്കുക! ഏതൊരു രോഗമാണോ മഹാമാരിപോലെ പടർന്നു പിടിക്കുന്നത്, ആ രോഗത്തെയാണ് ഡോക്ടർ ചികിത്സക്കുക; മറ്റുരോഗത്തെയല്ല. നബി(സ)തിരുമേനിയെ നിന്ദിക്കുന്നതിന്റെ പരിധി ലംഘിച്ചുകഴിഞ്ഞരിക്കുന്നു. നബി(സ)തിരുമേനിയെ നിന്ദിച്ചുകൊണ്ടുള്ള ഗ്രന്ഥങ്ങൾ വായിക്കുകയും കേൾക്കുകയും ചെയ്തിട്ട് ഇന്ന് ഒരു ആത്മീയരോഷവും ഉണ്ടാകാത്ത അവസ്ഥയായിരിക്കുന്നു. കുറഞ്ഞത് അതിനെ വെറുക്കുകയെങ്കിലും ചെയ്യേണ്ടതിനു പകരം അല്ലാഹു ആരെയാണോ ഈ ഫിത്നയെ നേരിടാൻ അയച്ചിട്ടുള്ളത്, നബി(സ)തിരുമേനിയുടെ ആദരവിനും പ്രതാപത്തിനുംവേണ്ടി പ്രത്യേക തരത്തിലുള്ള ആത്മീയരോഷം കൊണ്ടുവന്നിട്ടുള്ള ആളെ എതിർക്കുകയും അയാളെ പരിഹസിക്കുകയും അവഹേളിക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുതന്നെ അവർക്ക് ഉൾക്കാഴ്ചയുടെ കണ്ണുകൾ നല്കുമാറാകട്ടെ.

## നബി(സ)തിരുമേനിക്കുണ്ടാകുന്ന പിന്തുണയേയും സഹായത്തേയും സംബന്ധിച്ചുള്ള മഹത്തായ പ്രവചനം

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ‘അല്ലാഹു വിശുദ്ധ ഖുർആനിൽ ഒരു സൂറത്ത് അയച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ വിലയും നിലയും പ്രകടിപ്പിച്ചിരിക്കുന്നു. ആ സൂറത്ത് ഇതാണ്: *അലംതറ കയ്ഫ ഫഅല റബ്ബുക്ക ബി അസ്ഹാബിൽ ഫീലി*(അൽഫീൽ:2). നബിനായകർ(സ)തിരുമേനി കഠിനമായ വിപത്തകളും വിഷമങ്ങളും സഹിച്ചുകൊണ്ടിരുന്ന അവസ്ഥയിലുള്ളതാണ് ഈ സൂറത്ത്. ഞാൻ നിന്നെ പിന്തുണയ്ക്കുന്നവനും സഹായിക്കുന്നവനുമാണെന്ന് പറഞ്ഞ് ആ അവസ്ഥയിൽ അല്ലാഹു നബി(സ)തിരുമേനിക്ക് സാന്ത്വനം നല്കുന്നു.

ഇതിൽ ഒരു മഹത്തായ പ്രവചനമുണ്ട്. നിന്റെ നാഥൻ ആ ആനയുടെ ആളുകളുമായി എങ്ങനെ പെരുമാറിയെന്ന് നീകണ്ടില്ലേ? അതായത് അവരുടെ കുതന്ത്രങ്ങൾ അവരുടെമേൽതന്നെ മറിച്ചിട്ടു. അവരെ കൊല്ലാൻ ചെറിയ ചെറിയ ജീവികളെയാണ് അയച്ചത്. ആ ജീവികളുടെ കൈയിൽ തോക്കുകളൊന്നുമുണ്ടായിരുന്നില്ല. മറിച്ച് മണ്ണായിരുന്നു. കുതിർന്ന മണ്ണിനാണ് സിജ്ജീൽ എന്നു പറയുന്നത്. ഈ വിശുദ്ധ സൂറത്തിൽ അല്ലാഹു നബി(സ)തിരുമേനിയെ ‘ഖാന കഅ്ബ’ എന്നു അംഗീകരിച്ചിരിക്കുന്നു. ആനയുടെ ആളുകളുടെ സംഭവം അവതരിപ്പിച്ചുകൊണ്ട് നബിക്കുണ്ടാകുന്ന വിജയത്തേയും പിന്തുണയേയും സഹായത്തേയും സംബന്ധിച്ച് പ്രവചനം ചെയ്തിരിക്കുന്നു.

അതായത് അവിടത്തെ എല്ലാ നടപടികളേയും തകർക്കുന്നതിനുവേണ്ടി എന്തെല്ലാം സാഹചര്യമാണോ അവർ ഒരുക്കൂട്ടുന്നത് എന്തെല്ലാം കുതന്ത്രങ്ങളാണോ കർമത്തിൽകൊണ്ടു വരുന്നത് അവരെ നശിപ്പിക്കുന്നതിനുവേണ്ടി അല്ലാഹു അവരുടെതന്നെ കുതന്ത്രങ്ങളേയും പരിശ്രമങ്ങളേയും അവരിലേക്ക് മറിച്ചിടുന്നതാണ്. വലിയ വസ്തുക്കളുടെയൊന്നും ആവശ്യം വരികയില്ല. ആനപ്പടയെ പക്ഷികൾ നശിപ്പിച്ചതുപോലെ ഈ പ്രവചനം ലോകാവസാനം വരെ പോകുന്നതായിരിക്കും. എപ്പോഴെങ്കിലും ഏതെങ്കിലും ആനപ്പട ജന്മംകൊണ്ടാൽ അപ്പോൾ അല്ലാഹു അവരെ നശിപ്പിക്കുന്നതിനും അവരുടെ പരിശ്രമങ്ങളെ തകർത്ത് തരിപ്പണമാക്കുന്നതിനുംവേണ്ടി അവസരം ഒരുക്കുന്നതായിരിക്കും.

പാതിരിമാരുടെ അടിസ്ഥാന സിദ്ധാന്തം ഇതാണ്. അവരുടെ നെഞ്ചിൽ ഇസ്ലാം തന്നെയാ

(ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# മോക്ഷപ്രാപ്തിക്ക് മുഹമ്മദു നബി(സ)യെ വിശ്വസിക്കണ്ടേ? - 4

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

(തുടർച്ച...) (വാഗ്ദത്ത മഹ്ദീ മസീഹ്)

**നബിയെ പിൻപറ്റൽ അനിവാര്യം:**

സഅ്ദി എന്ന കവി പറഞ്ഞത് സത്യമാണ്

*മഹാൽ സത് സഅ്ദി കെഃ രാഹെ സ്വഫാ*
*തവാൻ റഫ്ത് ജുസ് ദർപെ മുസ്ത്വഫാ*
*ബുർദ് മഹ്റാൻ ശാഹ് സൂയെ ബിഹ്ശ്ത്ത്*
*ഹറാമ് അസ്ത് ബർ ഗയ്ർ ബൂയെ ബിഹ്ശ്ത്*

ഏയ് സഅ്ദീ! വൃത്തിയുടെ വഴി പ്രാപിക്കണം. മുഹമ്മദു മുസ്ത്വഫായെ അനുധാവനം ചെയ്യാതെ അത് പ്രാപ്യമല്ല. ആ (ഇരുലോക)രാജാവിനോടുള്ള സ്നേഹം സ്വർഗത്തിലേക്ക് കൊണ്ടുപോകുന്നു. മറ്റുള്ളവരുടെമേൽ സ്വർഗത്തിന്റെ സുഗന്ധം പോലും നിഷിദ്ധമാണ്.

15. **അലം യഅ്ലമൂ അന്നഹൂ മൻ യുഹാദിദില്ലാഹ വ റസൂലഹൂ ഫഅന്ന ലഹൂ നാറ ജഹന്നമ ഖാലിദൻ ഫീഹാ ദാലിക്കൽ ഖിസ്യുൽ അളീം** (9:64).

(തർജമ). *അല്ലാഹുവിനേയും അവന്റെ റസൂലിനേയും എതിർക്കുന്നവനെ അല്ലാഹു നരകത്തിലിടുമെന്ന് ഈ ആളുകൾ അറിയുകയില്ലേ? അവരതിൽ സദാ വസിക്കുന്നവരാണ്. ഇതൊരു വലിയ അപമാനമാകുന്നു*

മിയാൻ അബ്ദുൽ ഹക്കീം ഖാൻ തനിക്ക് ഇതിനെ സംബന്ധിച്ചുള്ള അഭിപ്രായം എന്താണെന്ന് പറയട്ടെ. അല്ലാഹുവിന്റെ ഈ കല്പനയെ അദ്ദേഹം സ്വീകരിക്കുമോ അതോ തന്റേടത്തോടെ ഈ വചനത്തിൽ പറഞ്ഞ ശിക്ഷ സ്വയം ശിരസാവഹിക്കുമോ?

16.**വഇദ് അഖദല്ലാഹു മീഥാഖന്നബിയ്യീന ലമാ ആത്തയ്ത്തുക്കും മ്മിൻ കിതാബിൻ വ്വ ഹിക്മത്തിൻ ഥുമ്മ ജാഅക്കും റസൂലുൻ മ്മുസ്വദ്ദിഖുൻ ല്ലിമാ മഅക്കും ലതുഅ്മിനുന്ന ബിഹീ വ ലതൻസ്വുറുന്നഹൂ ഖാല അ അഖ്റർത്തും വ അഖദ്ത്തും അലാ ദാലിക്കും ഇസ്വ്രീ ഖാലൂ അഖ്റർനാ ഖാല ഫശ്ഹദൂ വ അന മഅക്കും മ്മിനശ്ശാഹിദീൻ** (3:82)

(തർജമ).*അല്ലാഹു സകല പ്രവാചകന്മാരിൽനിന്നും കരാർ വാങ്ങിയ സന്ദർഭം ഓർക്കുക. ഞാൻ നിങ്ങൾക്ക് ഗ്രന്ഥവും, ജ്ഞാനവും നൽകും. പിന്നീട് അവസാനകാലത്ത് നിങ്ങളുടെയടുക്കൽ എന്റെ റസൂൽ വരും. അദ്ദേഹം നിങ്ങളുടെ ഗ്രന്ഥങ്ങളെ സത്യപ്പെടുത്തും. നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യണം. അല്ലാഹു ചോദിച്ചു: നിങ്ങൾ സമ്മതിക്കുകയും എന്റെ കരാറിനെ ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു: ഞങ്ങൾ സമ്മതിച്ചു. അപ്പോൾ അല്ലാഹു പറഞ്ഞു: നിങ്ങൾ നിങ്ങളുടെ സാക്ഷ്യത്തിന് സാക്ഷിയായിരിക്കുക. ഞാനും നിങ്ങളോടൊപ്പം ഇക്കാര്യത്തിന് സാക്ഷിയായിരിക്കും.*

നബിമാർ അവരവരുടെ കാലത്ത് വഫാത്തായ സ്ഥിതിക്ക്, ആ റസൂൽ പ്രത്യക്ഷനാകുമ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുക, ഇല്ലെങ്കിൽ ചോദിക്കപ്പെടും എന്ന കല്പന ഓരോ നബിയുടേയും സമുദായത്തിനോടാണെന്ന് വളരെ പ്രകടമാണ്. മുറി മൊല്ല ഈമാന് അപകടം! മിയാൻ അബ്ദുൽ ഹക്കീം ഖാൻ ഇനി പറയട്ടെ. ശുഷ്കിച്ച തൗഹീദു കൊണ്ടുമാത്രം മോക്ഷപ്രാപ്തി സാധ്യമാകുമെങ്കിൽ, നബി(സ) തിരുമേനിയിൽ വിശ്വസിക്കുന്നില്ലെങ്കിൽത്തന്നെയും തൗഹീദ് അംഗീകരിക്കുന്ന അക്കൂട്ടരെ അല്ലാഹു എന്തിനാണ് ചോദ്യം ചെയ്യുന്നത്?

ഇതിനും പുറമെ, തൗറാത്ത് ആവർത്തനപുസ്തകം പതിനെട്ടാം അധ്യായത്തിൽ അവസാനകാലത്ത് വരുന്ന നബിയെ വിശ്വസിക്കാത്തവരോട് ഞാൻ ചോദിക്കുമെന്ന് ദൈവത്തിന്റെ ഒരു വചനമുണ്ട്. കേവലം തൗഹീദ് മതിയായതാണെങ്കിൽ പിന്നെന്തിനാണ് അല്ലാഹു അവനെ ചോദ്യം ചെയ്യുന്നത്? താൻ പറഞ്ഞകാര്യം അല്ലാഹു മറന്നുപോകുമോ? വിശുദ്ധഖുർആനിലെ ഏതാനും വചനങ്ങളാണ് ഞാനിവിടെ എഴുതിയത്. ഇത്തരം വചനങ്ങളെക്കൊണ്ട് നിർഭരമാണ് വിശുദ്ധഖുർആൻ. അത് ആരംഭിക്കുന്നത് ഈ വചനങ്ങളോടെയാണ്. അത് പറയുന്നു. ''*ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം, സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം*'' [1] അല്ലയോ ഞങ്ങളുടെ അല്ലാഹുവേ, ആരിലാണോ നിന്റെ അനുഗ്രഹവും ആദരവുമുണ്ടായിട്ടുള്ളത് ആ റസൂൽമാരുടേയും നബിമാരുടേയും മാർഗത്തിൽ നീ ഞങ്ങളെ നടത്തേണമേ.

അഞ്ചുനേര നമസ്കാരത്തിൽ ഓതുന്ന ഈ വചനത്തിൽനിന്ന് അല്ലാഹുവിന്റെ ആത്മീയോപഹാരമായ ദൈവജ്ഞാനവും ദൈവസ്നേഹവും മറ്റാരും മുഖേന കിട്ടുകയില്ല, റസൂലും നബിയും മുഖേന മാത്രമേ കിട്ടുകയുള്ളുവെന്നത് ഇപ്പോൾ പ്രകടമാണ്. മിയാൻ അബ്ദുൽ ഹക്കീം ഖാൻ നമസ്കാരം അനുഷ്ഠിക്കുന്നുണ്ടോ ഇല്ലേ എന്ന് നമുക്കറിയില്ല. നമസ്കരിക്കുന്നുണ്ടെങ്കിൽ ഈ ആയത്തുകളുടെ അർഥം അറിയാതിരിക്കാൻ ഒരു നിർവാഹവുമില്ല. എന്നാൽ, അദ്ദേഹത്തിന്റെ പക്കൽ മോക്ഷപ്രാപ്തിക്ക് തൗഹീദ് മാത്രം മതിയായതാകുമ്പോൾ നമസ്കരിക്കേണ്ട ആവശ്യമെന്ത്? റസൂലിന്റെ ഒരു ആരാധനാരീതി എന്ന നിലയിലാണ് നമസ്കാരത്തെ എടുത്തുപറഞ്ഞിട്ടുള്ളത്. റസൂലിനെ പിൻപറ്റാൻ ഉദ്ദേശ്യംതന്നെ ഇല്ലാത്ത ആൾക്ക് നമസ്കാരം എന്തു പ്രയോജനം ചെയ്യാനാണ്? അയാളുടെ പക്കൽ ഏകദൈവ വിശ്വാസിയായ ബ്രഹ്മസമാജക്കാരനും മോക്ഷം ലഭിച്ചയാളാണ്. ആ ബ്രഹ്മസമാജി നമസ്കരിക്കുന്നുണ്ടോ? അബ്ദുൽ ഹക്കീം ഖാന്റെ വീക്ഷണത്തിൽ ഇസ്ലാമിൽനിന്ന് മുർത്തദ്ദായിപ്പോകുന്ന ആൾക്കുപോലും തന്റെ ശുഷ്കിച്ച തൗഹീദു കൊണ്ട് മോക്ഷംപ്രാപിക്കാവുന്നതാണ്. യഹൂദികളിലും ക്രിസ്ത്യാനികളിലും ആര്യസമാജത്തിലുമുള്ള ഏകദൈവവിശ്വാസിയ്ക്കും അയാൾ ഇസ്ലാമിന്റെ നിഷേധിയും നബി(സ) തിരുമേനിയുടെ ശത്രുവും ആണെങ്കിൽപ്പോലും മോക്ഷംപ്രാപിക്കാൻ സാധിക്കും. അപ്പോൾ നമസ്കാരം നിഷ്ഫലവും നോമ്പ് നിരർഥവും എന്നുതന്നെയായിരിക്കും അയാളുടെ അഭിപ്രായം. എന്നാൽ, ഒരു സത്യവിശ്വാസിക്ക് ആത്മീയസമ്പത്തിന്റെ ഉടമസ്ഥർ നബിമാരും റസൂൽമാരുമാണെന്നും അവരെ അനുധാവനം ചെയ്യുന്ന ഓരോരുത്തർക്കും ഫലം ലഭിക്കുമെന്നും മനസ്സിലാക്കിത്തരാൻ ഈ ഒരൊറ്റ ആയത്ത് മതിയായതാണ്.

പിന്നെ, സുറ: ബഖറയുടെ ആരംഭത്തിൽ ഈ വചനങ്ങളാണുള്ളത്. ''**ദാലിക്കൽ കിതാബു ലാറയ്ബ ഫീഹി ഹുദല്ലിൽ മുത്തഖീൻ. അല്ലദീന യുഅ്മിനുന ബിൽഗയ്ബി വയുഖീമുനസ്സ്വലാത്ത വ മിമ്മറസ്ഖ്നാഹും യുൻഫിഖുൻ. വല്ലദീന യുഅ്മിനുന ബിമാ ഉൻസില ഇലയ്ക്ക വമാ ഉൻസില മിൻഖബ് ലിക്ക വബിൽ ആഖിറത്തിഹിം യൂഖിനൂൻ. ഉലാഇക്ക അലാ ഹുദൻ മ്മിർ റബ്ബിഹിം വ ഉലാഇക്ക ഹുമുൽ മുഫ്ലിഹൂൻ.**''[2](അൽബഖറ:3-6)

*'സന്ദേഹങ്ങളിൽനിന്നും സംശയങ്ങളിൽനിന്നും പരിശുദ്ധമാണ് ഈ ഗ്രന്ഥം. ഇത് മുത്തഖികൾക്ക് അഥവാ സൂക്ഷ്മതപാലിക്കുന്നവർക്ക് സന്മാർഗ പാത്രമാകുന്നു. അല്ലാഹുവിൽ (അവന്റെ അസ്തിത്വം മറഞ്ഞതിൽ മറഞ്ഞതാണ്) വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും തങ്ങളുടെ സമ്പത്തിൽ നിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുകയും നിനക്ക് ഇറക്കപ്പെട്ട ഗ്രന്ഥത്തിലും നിനക്ക് മുമ്പേ ഇറക്കപ്പെട്ട ഗ്രന്ഥങ്ങളിലും വിശ്വസിക്കുകയും ചെയ്യുന്നവരാണ് മുത്തഖികൾ. അവർ തങ്ങളുടെ നാഥനിൽനിന്നുള്ള സന്മാർഗത്തിലാകുന്നു. അവർ തന്നെയാണ് മോക്ഷം പ്രാപിക്കുന്നവരും.'*

അല്ലയോ, അബ്ദുൽ ഹക്കീം ഖാൻ മുർത്തദ്ദ്! ഉണരൂ, കണ്ണുതുറന്നു നോക്കൂ. ഈ വചനങ്ങളിലൂടെ അല്ലാഹു വിധി പറഞ്ഞിരിക്കുകയാണ്, അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്നതുമായിട്ട് അല്ലാഹു മോക്ഷപ്രാപ്തിയെ ബന്ധിച്ചിരിക്കുന്നു! അവന്റെ ഗ്രന്ഥത്തിൽ പരസ്പര വിരുദ്ധമോ ഭിന്നതയോ ഉണ്ടാകാവതല്ല. പ്രതാപവാനായ അല്ലാഹു നബി(സ)തിരുമേനിയെ പിൻപറ്റുന്നതുമായി മോക്ഷത്തെ ബന്ധിപ്പിച്ചിരിക്കുന്ന സ്ഥിതിക്ക് ഈ ഖണ്ഡിതവചനങ്ങളിൽനിന്ന് പിന്തിരിഞ്ഞ് സദൃശവചനങ്ങളുടെ പിന്നാലെ ഓടുന്നത് വിശ്വാസവഞ്ചനയാണ്. ഹൃദയത്തിന് കപടത എന്ന രോഗം പിടിപ്പെട്ട ആളുകളാണ് സദൃശവചനങ്ങളുടെ പിന്നാലെ പായുന്നത്.

ഈ വചനങ്ങളിലടങ്ങിയിരിക്കുന്ന ദൈവജ്ഞാനത്തിന്റെ യഥാർഥ പോയന്റെ മറഞ്ഞിരിക്കുന്നു, അതെന്താണെന്നാൽ ഉപര്യുക്ത വചനങ്ങളിൽ അല്ലാഹു, "**അലിഫ് ലാം മീം ദാലിക്കൽ കിതാ**

(ശേഷം പേജ് 11ൽ)

### ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,***
***'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'***
***(മുസ്ലിം)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

### ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

# ഖുത്ബ ജുമുഅ

നിങ്ങളിൽ ശ്വാസമുണ്ടായിട്ടും നബി(സ)തിരുമേനിക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അല്ലാഹുവിന്റെ മുമ്പിൽ നിങ്ങളുടെ ഒരു ഒഴികഴിവും വിലപ്പോകുകയില്ലെന്ന് എന്റെ ജനതയോടു പറയണമെന്ന് സഅ്ദ് (റ)പറഞ്ഞു.

നബി(സ)തിരുമേനി പറഞ്ഞു: സ്വുഹയ്ബേ! താങ്കളുടെ ഈ കച്ചവടം ഏറ്റവും ആദ്യത്തെ കച്ചവടത്തെക്കാൾ ലാഭമുള്ളതായി. അതായത് ആദ്യം സാധനങ്ങൾക്കുപകരം താങ്കൾ പണം കരസ്ഥമാക്കിയിരുന്നു. എന്നാൽ, ഇപ്പോൾ പണത്തിനുപകരം താങ്കൾ ഈമാൻ കരസ്ഥമാക്കി.

ഹദ്റത്ത് സ്വുഹയ്ബിനെ ഹദ്റത്ത് ഉമർ(റ) വളരെ സ്നേഹിച്ചിരുന്നു. അദ്ദേഹത്തെ കുറിച്ച് വളരെ ഉന്നതമായ പ്രതീക്ഷവെച്ചു പുലർത്തിയിരുന്നു. എത്രത്തോളമെന്നാൽ ഹദ്റത്ത് ഉമറിന് പരിക്കേറ്റപ്പോൾ തന്റെ ജനാസ നമസ്കാരം ഹദ്റത്ത് സ്വുഹയ്ബ് നിർവഹിക്കണമെന്നും മൂന്നുദിവസംവരെ മുസ്‌ലിമീങ്ങൾക്ക് ഇമാമത്ത് വഹിക്കണമെന്നും അദ്ദേഹം വസിയ്യത്തു ചെയ്തു. അങ്ങനെ ആരാണോ ഖലീഫയാകേത് ശൂറ അംഗങ്ങൾ അതിനോടു ഐകകണ്ഠ്യേന യോജിക്കണം.

അല്ലാഹു സഅ്ദിനുമേൽ കരുണ ചൊരിയുമാറാകട്ടെ. അദ്ദേഹം ജീവിതത്തിലും മരണത്തിനുശേഷവും അല്ലാഹുവിന്റേയും റസൂലിന്റേയും അഭ്യുദയകാംക്ഷിയായിരുന്നു.

നബി(സ)തിരുമേനിയുടെ മഹത്തായ പദവിയിലുള്ള ബദ്റീ സ്വഹാബിമാരായ
**ഹദ്റത്ത് സ്വുഹയ്ബ് ബിൻ സിനാന്റേയും ഹദ്റത്ത് സഅ്ദ് ബിൻ റബീയിന്റേയും(റളിയല്ലാഹു അൻഹുമാ)**
സ്തുത്യർഹമായ അനുസ്മരണം.

ലോക ചരിത്രത്തിൽ നബി(സ)തിരുമേനിക്കുമുമ്പേയും അല്ലെങ്കിൽ ആ മഹാത്മാവിനുശേഷവും ആ മഹാത്മാവിനെപോലെ സ്ത്രീകളോടുള്ള കടമകൾ സംരക്ഷിച്ച ഒരാളും കഴിഞ്ഞിട്ടില്ലെന്നത് സത്യമാണ്.

സ്ത്രീ സ്വാതന്ത്ര്യവും അവകാശങ്ങളും മേടിച്ചുകൊടുത്ത യഥാർഥ അധ്യാപനം ഇസ്‌ലാമിന്റേതു തന്നെയാണെന്നുള്ളതാണ് യാഥാർഥ്യം.

ലോകത്തിന്റെ വർത്തമാന കാല അവസ്ഥകളെ പരിഗണിച്ച് ഭരണകൂടങ്ങൾ നീതിയോടുകൂടി നിയമങ്ങൾ നടപ്പിൽ വരുത്താനും, അനുവദനീയമായ മാർഗത്തിൽ തങ്ങളുടെ ആവശ്യങ്ങൾ അവതരിപ്പിക്കാൻ പൊതുജനങ്ങളോടും ഉപദേശം.

മുല്ലമാരെ ഭയന്ന് അഹ്മദികളുടെമേൽ അക്രമങ്ങളും ബലാൽക്കാരവും വർധിപ്പിക്കുന്നതിനുപകരം നീതിയുടെ കോന്തല കൈയിലെടുത്ത് ഭരിക്കാൻ പാക്കിസ്താൻ സർക്കാറിന് മുന്നറിയിപ്പ്.

**ഖുത്ബ ജുമുഅ 2020 ജൂൺ 06/1399 ഇഹ്സാൻ 06**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ-
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്നു ഞാൻ വീണ്ടും ബദ്‌രീ സ്വഹാബാക്കളെ കുറിച്ച് വിവരിക്കുകയാണ്. അതിൽ ആദ്യത്തെ സ്വഹാബിയുടെ പേര് ഹദ്റത്ത് സ്വുഹയ്ബ് ബിൻ സിനാൻ(റ)എന്നാണ്. ഹദ്റത്ത് സ്വുഹയ്ബിന്റെ പിതാവിന്റെ പേര് സിനാൻ ബിൻ മാലിക് എന്നും മാതാവിന്റെ പേര് സൽമാ ബിൻത് ഖയീദ് എന്നുമായിരുന്നു. ഹദ്റത്ത് സ്വുഹയ്ബിന്റെ ജന്മനാട് മൗസ്വിൽ ആയിരുന്നു. ഹദ്റത്ത് സ്വുഹയ്ബിന്റെ പിതാവോ പിതൃവ്യനോ ഉബല്ല എന്ന സ്ഥലത്തെ കിസ്റായുടെ കാര്യസ്ഥനായിരുന്നു. ദജലയുടെ തീരത്തുള്ള ഒരു നഗരമാണ് ഉബല്ല. അതാണ് പിന്നീട് ബസ്റ എന്നു പറയപ്പെട്ടത്. റോമക്കാർ അതിനുമേൽ ആക്രമണം നടത്തി. അവർ ഹദ്റത്ത് സ്വുഹയ്ബിനെ തടവുകാരനാക്കി. അപ്പോൾ അദ്ദേഹത്തിന്റെ പ്രായം വളരെ കുറവായിരുന്നു. അബുൽഖാസിം മഗ്‌രിബി പറഞ്ഞതനുസരിച്ച് ഹദ്റത്ത് സ്വുഹയ്ബിന്റെ പേര് ഉമയ്റ എന്നായിരുന്നു. റോമക്കാരാണ് സ്വുഹയ്ബ് എന്ന പേരിട്ടത്. (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാല്യം 3, പേജ് 169–170, സ്വുഹയ്ബ് ബിൻ സിനാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2017) (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാല്യം 4, പേജ് 33–34, സ്വുഹയ്ബ് ബിൻ സിനാൻ, ദാറുൽഫിക്ർ ബേറൂത്ത്, 2001)(മുഅ്ജമുൽ ബുൽദാൻ വാല്യം 1, പേജ് 99, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ഹദ്റത്ത് സ്വുഹയ്ബിന്റെ നിറം അങ്ങേയറ്റം ചെമപ്പായിരുന്നു.അധികം പൊക്കമോ പൊക്കക്കുറവോ ഉണ്ടായിരുന്നില്ല. തലമുടി ഇടതൂർന്നതായിരുന്നു. (ഉസുദുൽഗാബ വാല്യം 3, പേജ് 41, സ്വുഹയ്ബ് ബിൻ സിനാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്2016)

ഹദ്റത്ത് സ്വുഹയ്ബ് റോമക്കാരുടെ ഇടയിൽ വളർന്നു. അദ്ദേഹത്തിന് വിക്കുണ്ടായിരുന്നു. റോമക്കാരിൽനിന്ന് കൽബ് എന്നയാൾ അദ്ദേഹത്തെ വിലക്കുവാങ്ങി. അദ്ദേഹത്തേയും കൊണ്ട് മക്കയിൽവന്നു. പിന്നീട് അബ്ദുല്ലാ ബിൻ ജുദ്ആൻ അദ്ദേഹത്തെ വാങ്ങി സ്വതന്ത്രനാക്കി. അബ്ദുല്ലാ ബിൻ ജുദ്ആന്റെ മരണംവരെ ഹദ്റത്ത് സ്വുഹയ്ബ്(റ) അദ്ദേഹത്തിനോടൊപ്പം മക്കയിൽ കഴിഞ്ഞു. അങ്ങനെ നബി(സ)തിരുമേനിയുടെ നിയോഗമുണ്ടായി. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് സ്വുഹയ്ബിന്റെ മക്കൾ പറയുന്നു, ഹദ്റത്ത് സ്വുഹയ്ബ്(റ)ബുദ്ധിയും വിവേകവും വെച്ചപ്പോൾ റോമിൽനിന്ന് ഓടി മക്കയിൽ വന്നതാണ്. ഹദ്റത്ത് അബ്ദുല്ലാ ബിൻ ജുദ്ആന്റെ സഖ്യകക്ഷിയായി. അദ്ദേഹത്തിന്റെ മരണംവരെ അദ്ദേഹത്തോടൊപ്പം കഴിഞ്ഞു.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാല്യം 3, പേജ് 170, സ്വുഹയ്ബ് ബിൻ സിനാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2017)

ഹദ്ത്ത് മുസ്‌ലിഹ് മൗഊദ്(റ) അദ്ദേഹത്തെക്കുറിച്ച് വിവരിക്കുന്നു: ‘റോമിൽനിന്ന് ബന്ധനസ്ഥനാക്കി കൊണ്ടുവന്ന ഒരടിമയായിരുന്നു സ്വുഹയ്ബ്. ഇദ്ദേഹം അബ്ദുല്ലാഹ് ബിൻ ജുദ്ആന്റെ അടിമയായിരുന്നു. അദ്ദേഹമാണ് സുഹയ്ബിനെ സ്വതന്ത്രനാക്കിയത്. ഇദ്ദേഹവും നബി(സ)തിരുമേനിയെ വിശ്വസിക്കുകയും അക്കാരണത്താൽ പലതരത്തിലുള്ള പീഢനങ്ങളും ഏല്ക്കേണ്ടിവരികയും ചെയ്തു.’(തഫ്സീർ കബീർ. വാല്യം 6, പേജ് 443)

ഹദ്ത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതു സംബന്ധമായി ഇക്കാര്യം വിവരിക്കുകയുണ്ടായി. ഈ ഖുർആൻ നബി(സ)തിരുമേനി മറ്റുള്ളവരുടെ അല്ലെങ്കിൽ അടിമകളുടെ സഹായത്താലുണ്ടാക്കിയതാണെന്ന് സത്യനിഷേധികൾ പറയുന്നതായി വിശുദ്ധ ഖുർആനിൽ വന്നിട്ടുണ്ട്. അതിനുള്ള ഒരു മറുപടി ഇങ്ങനെയാണ്: ഈ അടിമകൾ നബി(സ)തിരുമേനിയെ വിശ്വസിച്ച കാരണത്താൽ വിപത്തുകൾക്കും ദ്രോഹങ്ങൾക്കും കുറിമാനമായില്ലേ? അപ്പോൾ ആ അടിമകൾ ആ ബുദ്ധിമുട്ടുകളെ തങ്ങളുടെ തലയിൽവലിച്ചു വെക്കുന്നതിനും ദുരിതം പേറുന്ന

തിനുംവേണ്ടിയാണോ നബി(സ)തിരുമേനിയെ സഹായിച്ചത്! ഇതു മാത്രമല്ല രഹസ്യമായി അവർ സഹായിച്ചത് വെളിച്ചത്താകുകയും ചെയ്തു! അതുകഴിഞ്ഞ് അങ്ങേയറ്റം ദൃഢചിത്തതയോടുകൂടി വിപത്തുകളേയും ദുരിതങ്ങളേയും സഹിക്കുകയും ചെയ്തു. അതുകൊണ്ട് ഇത് അങ്ങേയറ്റം ബുദ്ധിശൂന്യമായ ആക്ഷേപമാണ്. ഇത് അല്ലാഹു ദൃഢപാദരായിവെക്കുകയും നബി(സ)തിരുമേനിയെ വിശ്വസിക്കുകയും ചെയ്ത മുഅ്മിനീങ്ങളാണ്. അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വാസമുള്ളവരാണ്. അവർ നബി(സ)തിരുമേനിയിൽനിന്ന് ഇസ്‌ലാം പഠിക്കുകയും അല്ലാഹുവിന്റെ വഹ്‌യിൽ വിശ്വസിക്കുകയും ചെയ്തു.' ഇക്കാര്യങ്ങളാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിച്ചത്. (തഫ്‌സീർ കബീർ വാള്യം 6, പേജ് 4410443)

ഹദ്റത്ത് അമ്മാർ ബിൻ യാസിർ(റ)പറയുന്നു: ഞാൻ ഹദ്റത്ത് സുഹയ്ബിനെ ദാറുഅർഖമിന്റെ വാതിൽക്കൽ കണ്ടു. നബി(സ)തിരുമേനി ഇരിക്കുകയായിരുന്നു. ഞാൻ ചോദിച്ചു, എന്താണ് താങ്കളുടെ ഉദ്ദേശ്യം? സുഹയ്ബ് എന്നോടു ചോദിച്ചു: താങ്കളുടെ ഉദ്ദേശ്യമെന്താണ്? ഞാൻ പറഞ്ഞു: നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരാകാനും അവിടത്തെ കലാം കേൾക്കാനും ആഗ്രഹിക്കുന്നു. ഞാനും ഇതാണ് ആഗ്രഹിക്കുന്നത്, ഹദ്റത്ത് അമ്മാർ പറഞ്ഞു. പിന്നീട് ഞങ്ങളിരുവരും നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവിടന്ന് ഞങ്ങളുടെ മുമ്പിൽ ഇസ്‌ലാം അവതരിപ്പിച്ചു. അങ്ങനെ ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചു. ഞങ്ങൾ പകൽ മുഴുവൻ അവിടെ ഇരുന്നു. വൈകുന്നേരമായപ്പോൾ ഞങ്ങൾ അവിടെനിന്ന് ഒളിച്ച് പുറപ്പെട്ടു. ഹദ്റത്ത് അമ്മാറും ഹദ്റത്ത് സുഹയ്ബും മുപ്പതിലധികം ആളുകൾക്കുശേഷം ഇസ്‌ലാം സ്വീകരിച്ചവരാണ്.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 171, സുഹയ്ബ് ബിൻ സിനാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2017)

ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു, നബി(സ) തിരുമേനി പറഞ്ഞു: മുസ്‌ലിമാകുന്നതിൽ മുൻപന്തിയിലുള്ളവർ നാലുപേരാണ്. അവിടന്ന് പറഞ്ഞു, ഞാൻ അറബികളിൽവച്ച് ഒന്നാമനാണ്, സുഹയ്ബ് റോമിൽ നിന്നുള്ള ഒന്നാമനാണ്. സൽമാൻ ഫാർസികളിൽ നിന്നുള്ള ഒന്നാമനാണ്. ബിലാൽ ഹബ്ശികളിൽ ഒന്നാമനാണ്.(ഉസുദുൽഗാബ വാള്യം 3, പേജ് 39, സുഹയ്ബ് ബിൻ സിനാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്2016)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) വിവരിച്ചു: ഏറ്റവും ആദ്യം തങ്ങളുടെ ഇസ്‌ലാം വിളംബരം ചെയ്തവർ ഏഴുപേരാണ്. നബി(സ) തിരുമേനി, അങ്ങയുടെമേലാണ് ശരീഅത്തിറങ്ങിയത്. അബൂബക്കർ(റ), അമ്മാർ(റ), അദ്ദേഹത്തിന്റെ മാതാവ് സമിയ്യ(റ), സുഹയ്ബ്(റ), ബിലാൽ(റ), മിഖ്ദാദ്(റ).

നബി(സ)തിരുമേനിയെ അല്ലാഹു അദ്ദേഹത്തിന്റെ പിതൃവ്യൻ അബൂത്വാലിബ് മുഖേന സുരക്ഷിതനാക്കി. അബൂബക്കറിനെ അല്ലാഹു അദ്ദേഹത്തിന്റെ ജനത മുഖേന സുരക്ഷിതനാക്കി. ഇതു സംബന്ധമായി കഴിഞ്ഞ ഖുത്ബയിൽ ഞാൻ വിവരിച്ചു കഴിഞ്ഞതാണ്; ഇതു നിവേദകന്റെ അഭിപ്രായമാണെന്ന്. നബി(സ) തിരുമേനിക്കും ഹദ്റത്ത് അബൂബക്കറിനും ആ ദ്രോഹങ്ങൾക്കു കുറിമാനമാകേണ്ടിവന്നിരുന്നുവെന്നതാണ് വസ്തുത. നിവേദകൻ പറയുന്നു: ബാക്കിയുള്ളവരെ അന്യാരാധകർ പിടിക്കുകയും ഇരുമ്പ് ചട്ടകൾ ധരിപ്പിക്കുകയും മരുഭൂമിയിലെ കൊടും ചൂടത്തു നിറുത്തി അവരെ പൊള്ളിക്കുകയും ചെയ്തിരുന്നു. ശത്രുക്കൾ ഉദ്ദേശിച്ചതുപോലെ പീഢനങ്ങൾ സഹിക്കാത്തവരായി അവരിലാരുമുണ്ടായിരുന്നില്ല; ബിലാലൊഴികെ. കാരണം അദ്ദേഹം അല്ലാഹുവിനുവേണ്ടി തന്റെ ആത്മാവിന് ഒരു പരിഗണനയും നല്കിയിരുന്നില്ല. തന്റെ ജനതയ്ക്കും ഒരു പരിഗണനയും നല്കിയിരുന്നില്ല. അവർ അദ്ദേഹത്തെ പിടിക്കുകയും കുട്ടികൾക്ക് ഏല്പിച്ചുകൊടുക്കുകയും കുട്ടികൾ മക്കയിലെ പാറക്കെട്ടുകളിലൂടെ അദ്ദേഹത്തെ വലിച്ചുകൊണ്ട് നടക്കുകയും ചെയ്യുമായിരുന്നു; അപ്പോഴെല്ലാം ബിലാലിന്റെ നാവിൽനിന്ന് അഹദ്, അഹദ് എന്ന ശബ്ദമാണ് വെളിയിൽ വന്നിരുന്നത്. (സുനൻ ഇബ്നുമാജ, കിതാബുസ്സുന്ന ഹദീഥ് 150). എന്തായാലും ദ്രോഹങ്ങൾ അവരെല്ലാവരും സഹിച്ചിരുന്നു. ഞാൻ പറഞ്ഞതുപോലെ അവരെല്ലാവരും ഈമാനിൽ അടിയുറച്ചു നില്ക്കുന്നതായാണ് പ്രകടിപ്പിച്ചത്. പക്ഷേ, ഹദ്റത്ത് ബിലാലിനെ കുറിച്ച് കിട്ടുന്ന നിവേദനം അദ്ദേഹം നിരവധി പീഢനങ്ങൾക്ക് വിധേയനാക്കപ്പെട്ടിരുന്നുവെന്നാണ്.

പിന്നീട് വിവരിക്കപ്പെടുന്നു, ഹദ്റത്ത് സുഹയ്ബ്(റ) ബലഹീന വിശ്വാസികളിൽപ്പെട്ടയാളാണെന്നാണ് മനസ്സിലാക്കപ്പെട്ടിരുന്നത്. മക്കയിൽ അദ്ദേഹം അല്ലാഹുവിന്റെ വഴിയിൽ ദ്രോഹിക്കപ്പെട്ടിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 171, സുഹയ്ബ് ബിൻ സിനാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2017)

ബുദ്ധിമുട്ടുകളിലൂടെ അദ്ദേഹത്തിന് ഒരുപാടു തവണ കടക്കേണ്ടി വന്നിട്ടുണ്ട്. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് അമ്മാർ ബിൻ യാസിറിനെ എത്രമാത്രം ബുദ്ധിമുട്ടിച്ചിരുന്നുവെന്നാൽ എന്താണ് അവർ ചെയ്യുന്നതെന്ന് അദ്ദേഹത്തിന് മനസ്സിലായിരുന്നില്ല. ഇതേ അവസ്ഥ തന്നെയായിരുന്നു, ഹദ്റത്ത് സുഹയ്ബിന്റേയും ഹദ്റത്ത് അബൂ ഫാഇദിന്റേയും ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റായുടേയും മറ്റു സ്വഹാബിത്തിന്റേതും(റ.ഹും). ഈ സ്വഹാബിമാരെക്കുറിച്ച് ഈ ആയത്തിറങ്ങി: *ഥുമ്മ ഇന്ന റബ്ബക്ക ലില്ലദീന ഹാജറൂ മിൻ ബഅ്ദി മാ ഫുതിനൂ ഥുമ്മ ജാഹദൂ വ സ്വബറൂ ഇന്ന റബ്ബക്ക മിൻ ബഅ്ദിഹാ ല ഗഫൂറുർറഹീം*(16:111)

പിന്നെ തങ്ങൾ മർദിക്കപ്പെട്ടതിനുശേഷം സ്വദേശം വിടുകയും എന്നിട്ട് (അല്ലാഹുവിന്റെ മാർഗത്തിൽ) കഠിനാധ്വാനം ചെയ്യുകയും സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവർക്കു അതിനുശേഷം തീർച്ചയായും നിന്റെ നാഥൻ വളരെ പൊറുത്തുകൊടുക്കുന്നവനും വളരെ കരുണ ചെയ്യുന്നവനുമാകുന്നു.

ഒരു നിവേദനമനുസരിച്ച് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തവരിൽ ഏറ്റവും അവസാനം വന്നവർ ഹദ്റത്ത് അലിയും ഹദ്റത്ത് സുഹയ്ബ് ബിൻ സിനാനുമായിരുന്നു.(റ.ഹുമാ). ഇത് റബീഉൽഅവ്വൽ പകുതിക്ക് നടന്ന സംഭവമാണ്. അപ്പോൾ നബി(സ)തിരുമേനി ഖുബായിൽ താമസിക്കുകയായിരുന്നു. മദീനയിലേക്ക് പുറപ്പെട്ടിരുന്നില്ല.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 172, സുഹയ്ബ് ബിൻ സിനാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2017)

ഒരു നിവേദനത്തിലുണ്ട്, ഹദ്റത്ത് സുഹയ്ബ്(റ) മദീനയിലേക്ക് പുറപ്പെട്ടപ്പോൾ അന്യാരാധകരുടെ ഒരു സംഘം അദ്ദേഹത്തെ പിന്തുടർന്നു. അദ്ദേഹം തന്റെ യാത്രാവാഹനത്തിൽനിന്നിറങ്ങി. ആവനാഴിയിലുണ്ടായിരുന്നതെടുത്തുകൊണ്ടു പറഞ്ഞു: 'ഖുറയ്ശീ സംഘമേ! ഞാൻ നിങ്ങളുടെ വിദഗ്ദരായ അമ്പെയ്ത്തുകാരിൽ ഒരാളാണെന്ന് നിങ്ങൾക്കറിയാമല്ലോ. അല്ലാഹുവാണ! എന്റെ ആവനാഴിയിലെ അമ്പുകൾ നിങ്ങളെ കൊന്നിടുന്നതുവരെ നിങ്ങൾക്ക് എന്റെയടുത്ത് വരാൻ സാധിക്കുകയില്ല. വീണ്ടും ഞാൻ എന്റെ വാൾകൊണ്ട് കൊല്ലും. അവസാനം എന്റെ കൈയിൽ ഒന്നുമില്ലാതാകും. അതുകൊണ്ട് നിങ്ങൾ ഇച്ഛിക്കുന്നത് ചെയ്തുകൊള്ളുക. എന്റെ ധനം നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ അതുള്ളത് എവിടെയാണെന്ന് ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം. നിങ്ങൾ എന്റെ വഴി വിടുക.' അവർ അത് സമ്മതിച്ചു. ഹദ്റത്ത് സുഹയ്ബ്(റ) ധനമിരിക്കുന്ന സ്ഥലം അവർക്കു പറഞ്ഞുകൊടുത്തു. ഹദ്റത്ത് സുഹയ്ബ്(റ) നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായപ്പോൾ അവിടന്ന് പറഞ്ഞു: 'ഈ കച്ചവടം അബൂ യഹ്‌യായ്ക്ക് ഫലം ചെയ്തു; കച്ചവടം ലാഭകരമായി.' നിവേദകൻ പറയുന്നു: അപ്പോൾ ഈ ആയത്തിറങ്ങി, *വമിനന്നാസി മൻ യ്യശ്‌രീ നഫ്സഹുബ്ത്തിഗാഅ മർളാത്തില്ലാഹി വല്ലാഹു റഊഫുൻ ബിൽ ഇബാദ്*(2:208) അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് തങ്ങളുടെ ജീവനെ വില്ക്കുന്ന ചിലരും മനുഷ്യരിലുണ്ട്. അല്ലാഹു(തന്റെ അത്തരം ഭക്തദാസരോടു) ഏറെ കരുണയുള്ളവനാകുന്നു.

ഒരു നിവേദനത്തിലുണ്ട്. ഹദ്റത്ത് സുഹയ്ബ് മക്കയിൽനിന്ന് ഹിജ്റത്തു ചെയ്ത് നബി(സ) തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി. ആ നേരത്ത് നബി(സ)തിരുമേനി ഖുബായിലായിരുന്നു. ആ മഹാത്മാവിനോടൊപ്പം ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും ഉണ്ടായിരുന്നു. ആ നേരത്ത് അവരുടെ എല്ലാം മുമ്പിൽ പുതിയ ഈത്തപ്പഴമുണ്ടായിരുന്നു. ഹദ്റത്ത് കുൽഥൂം ബിൻ അദം കൊണ്ടുവന്നതായിരുന്നു അത്. വഴിയിൽവെച്ച് ഹദ്റത്ത് സുഹയ്ബിന് കണ്ണുരോഗമുണ്ടായി. അദ്ദേഹത്തിന് നല്ല വിശപ്പുണ്ടായിരുന്നു. യാത്ര കാരണത്താൽ ക്ഷീണവുമുണ്ടായിരുന്നു. ഹദ്റത്ത് സുഹയ്ബ്(റ) ഈത്തപ്പഴം എടുക്കുന്നതിനുവേണ്ടി മുന്നോട്ടാഞ്ഞു. അപ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'യാ റസൂലല്ലാഹ്! സുഹയ്ബിനെ നോക്കിയാലും. അദ്ദേഹത്തിന് കണ്ണുരോഗമാണ്. അദ്ദേഹം ഈത്തപ്പഴം തിന്നുന്നു.' അപ്പോൾ നബി(സ)തിരുമേനി തമാശയായി പറഞ്ഞു: 'താങ്കൾക്ക് കണ്ണുരോഗമുള്ളപ്പോൾ താങ്കൾ ഈത്തപ്പഴം തിന്നുകയാണല്ലോ?' ഉമറിന്റെ കണ്ണിന് വീക്കം കണ്ടിരുന്നു. വെള്ളം ഒഴുകിയിരുന്നു. ഹദ്റത്ത് സുഹയ്ബ്(റ) പറഞ്ഞു: 'ഞാൻ എന്റെ രോഗമില്ലാത്ത കണ്ണിന്റെ ഭാഗത്തുനിന്നാണ് തിന്നുന്നത്.' അതുകേട്ട് നബി(സ)തിരുമേനി പുഞ്ചിരിച്ചു. പിന്നീട് ഹദ്റത്ത് സുഹയ്ബ്(റ) അബൂബക്കറിനോടു പറഞ്ഞു, ഹിജ്റത്തിൽ എന്നെയും കൂടെ കൂട്ടാമെന്ന് അങ്ങ് എന്നോടു പറഞ്ഞിരുന്നു. എന്നാൽ, താങ്കൾ എന്നെ ഉപേക്ഷിച്ച് നേരത്തെ പോന്നു. പിന്നീട് അദ്ദേഹം പറഞ്ഞു, യാ റസൂല്ലാഹ്! അങ്ങ് എന്നെ കൂടെ കൂട്ടാമെന്ന് പറഞ്ഞിരുന്നു. അങ്ങും എന്നെ വിട്ടുപോന്നു. ഖുറയ്ശികൾ എന്നെ പിടിച്ചു തടവുകാരനാക്കി. ഞാനെന്റെ ജീവനേയും കുടുംബക്കാരേയും എന്റെ ധനത്തിനു പകരം വാങ്ങി. നബി(സ)തിരുമേനി പറഞ്ഞു, കച്ചവടം ലാഭകരമാണ്. അപ്പോൾ ഈ ആയത്തിറങ്ങി: *വമിനന്നാസി മൻയ്യശ്‌രീ നഫ്സഹുബ്ത്തിഗാഅ മർളാത്തില്ലാഹി വല്ലാഹു റഊഫുൻ ബിൽ ഇബാദ്*(2:208) അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് തങ്ങളുടെ ജീവനെ വില്ക്കുന്ന ചിലരും മനുഷ്യരിലുണ്ട്. അല്ലാഹു (തന്റെ അത്തരം ഭക്തദാസരോടു) ഏറെ കരുണയുള്ളവനാകുന്നു. ഹദ്റത്ത് സുഹയ്ബ് (റ) പറഞ്ഞു: 'യാ റസൂലല്ലാഹ്! ഒരു മുദ്ദ് (ഏകദേ

ശം അരക്കിലോ) ആട്ട പാഥേയമെന്ന നിലയിൽ ഞാനെടുത്തിരുന്നു. അതു ഞാൻ അബ്വാഅ് എന്ന സ്ഥലത്ത് വെച്ച് വെള്ളത്തിൽചേർത്ത് കുഴച്ചിരുന്നു. അങ്ങനെ ഞാൻ അങ്ങയുടെ തിരുസന്നിധിയിലെത്തി. (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 172, സ്വുഹയ്ബ് ബിൻ സിനാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2017) ഈ യാത്രയിൽ ഇതു മാത്രമായിരുന്നു ഭക്ഷണം!

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതുസംബന്ധമായി പറയുന്നു, ഹദ്റത്ത് സ്വുഹയ്ബ്(റ) ധനികനായിരുന്നു. കച്ചവടം ചെയ്തിരുന്നു. മക്കയിലെ സമ്പന്നരിൽ ഗണിക്കപ്പെട്ടിരുന്നു. സമ്പന്നനായിരുന്നിട്ടും സ്വതന്ത്രനായി കഴിഞ്ഞിരുന്നിട്ടും– ഇപ്പോൾ അദ്ദഹം അടിമയായിരുന്നില്ല–ഖുറയ്ശികൾ അദ്ദേഹത്തെ മർദിച്ച് ബോധം കെടുത്താറുണ്ടായിരുന്നു. നബി(സ)തിരുമേനി മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു വന്നപ്പോൾ ആ മഹാത്മാവിനുശേഷം സ്വുഹയ്ബും ഹിജ്റത്ത് ചെയ്ത് മദീനയിലേക്കു വരാൻ ആഗ്രഹിച്ചു.

എന്നാൽ, മക്കക്കാർ അദ്ദേഹത്തെ തടയുകയും മക്കയിൽ നീ ഉണ്ടാക്കിയ സമ്പാദ്യം മക്കയ്ക്കു വെളിയിൽ എങ്ങനെ കൊണ്ടുപോകുമെന്ന് അദ്ദേഹത്തോടു ചോദിക്കുകയും ചെയ്തു. ഞങ്ങൾ നിന്നെ മക്കയിൽനിന്ന് പോകാൻ അനുവദിക്കുകയില്ല. സ്വുഹയ്ബ്(റ) പറഞ്ഞു: 'ഞാൻ എന്റെ സ്വത്തു മുഴുവൻ നിങ്ങൾക്കു തന്നാൽ നിങ്ങളെന്നെ പോകാൻ അനുവദിക്കുമോ?' അത് അവർക്കിഷ്ടപ്പെട്ടു. അദ്ദേഹം തന്റെ എല്ലാ വസ്തുവകകളും മക്കക്കാരെ ഏല്പിച്ച് വെറും കൈയോടെ മദീനയിലേക്ക് പോയി. നബി(സ) തിരുമേനിയുടെ സവിധത്തിൽ ഹാജരായി. അവിടന്ന് പറഞ്ഞു: 'സുഹയ്ബേ! താങ്കളുടെ ആദ്യത്തെ എല്ലാ കച്ചവടങ്ങളെക്കാളും ലാഭകരമായ കച്ചവടമാണിത്. മുമ്പേ താങ്കൾ സാധനങ്ങൾ വിറ്റ് പണം വാങ്ങിയിരുന്നെങ്കിൽ ഇപ്പോൾ പണം നല്കി വിശ്വാസം കരസ്ഥമാക്കിയിരിക്കുന്നു!'(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 194–195)

ഹദ്റത്ത് സുഹയ്ബ്(റ) വിവരിക്കുന്നു: 'നബി(സ)തിരുമേനി പങ്കെടുത്ത എല്ലാ യുദ്ധങ്ങളിലും ഞാനും പങ്കെടുത്തിട്ടുണ്ട്. അവിടന്ന് വാങ്ങിയ എല്ലാ ബയ്അത്തിന്റെ അവസരത്തിലും ഞാനും ഉണ്ടായിട്ടുണ്ട്. നബിതിരുമേനി അയച്ച എല്ലാ സൈനികസംഘത്തിലും ഞാൻ പങ്കെടുത്തു. അവിടന്ന് പങ്കെടുത്ത എല്ലാ യുദ്ധങ്ങളിലും ഞാൻ പങ്കെടുത്തു. ഞാൻ നബി(സ)തിരുമേനിയുടെ വലതുഭാഗത്തുണ്ടാകും അല്ലെങ്കിൽ ഇടതുഭഗത്ത്. ആളുകൾ അടുത്തുനിന്ന് അപകടം മണത്തറിയുമ്പോൾ ഞാൻ ആളുകളുടെ മുന്നിലുണ്ടാകും. ആളുകൾ പിന്നിലൂടെ അപകടം മണത്തറിയുമ്പോൾ ഞാൻ അവരുടെ പിന്നിലുണ്ടാകും. നബി(സ)തിരുമേനിയുടെ വഫാത്തുവരെ എനിക്കും നബി(സ)തിരുമേനിക്കുമിടയിൽ ശത്രുക്കൾ വരാൻ ഒരിക്കലും ഞാൻ സമ്മതിച്ചില്ല.(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാള്യം 3, പേജ് 35, സ്വുഹയ്ബ് ബിൻ സിനാൻ, ദാറുൽഫിക്ർ ബേറൂത്ത്, 2001)

ഹദ്റത്ത് സ്വുഹയ്ബ്(റ) തന്റെ വാർധക്യകാലത്ത് ജനങ്ങളെ ഒരുമിച്ചുകൂട്ടി തന്റെ യുദ്ധങ്ങളിലെ ശ്ലാഘനീയമായ സംഭവങ്ങൾ മനോഹരമായ രീതിയിൽ കേൾപ്പിക്കാറുണ്ടായിരുന്നു. (സയ്റുസ്സ്വഹാബ വാള്യം 2, പേജ് 268, സ്വുഹയ്ബ് ബിൻ സിനാൻ, മക്തബെ ദാറുൽ ഇശാഅത്ത് ഉർദു ബാസാർ കറാച്ചി)

അനറബി ചൊവയോടെയായിരുന്നു ഹദ്റത്ത് സ്വുഹയ്ബ് സംസാരിക്കാറുണ്ടായിരുന്നത്. അതായത് അറബികളെപ്പോലുള്ള സാഹിത്യസമ്പുഷ്ടി ഒന്നും അദ്ദേഹത്തിന്റെ ഭാഷയിൽ ഉണ്ടായിരുന്നില്ല. സയ്ദ് ബിൻ അസ്‌ലം തന്റെ പിതാവിൽനിന്ന് നിവേദനം. ഞാൻ ഹദ്റത്ത് ഉമറിനോടൊപ്പം നടന്നു. അദ്ദേഹം സ്വുഹയ്ബിന്റെ ഒരു തോട്ടത്തിൽ പ്രവേശിച്ചു. അത് 'ആലിയാ' എന്ന സ്ഥലത്തായിരുന്നു. ഹദ്റത്ത് സ്വുഹയ്ബ്(റ), ഹദ്റത്ത് ഉമറിനെ കണ്ടപ്പോൾ 'യന്നാസ് യന്നാസ്' എന്നു പറഞ്ഞു. ഹദ്റത്ത് ഉമറിനുതോന്നി 'അന്നാസ്' എന്നായിരിക്കും പറയുന്നതെന്ന്.

ഇദ്ദേഹത്തിന് എന്താണ് പറ്റിയതെന്ന് ഹദ്റത്ത് ഉമർ ചോദിച്ചു. ഇദ്ദേഹം എന്തിനാണ് ആളുകളെ വിളിക്കുന്നത്? നിവേദകൻ പറയുന്നു: 'അദ്ദേഹം തന്റെ അടിമയെയാണ് വിളിക്കുന്നതെന്ന് ഞാൻ പറഞ്ഞു. അവന്റെ പേര് 'യുഹന്നസ്' എന്നാണ്. നാവിൽ വിക്കുണ്ടായിരുന്ന കാരണത്താൽ അദ്ദേഹം അയാളെ അങ്ങനെയാണ് വിളിക്കുന്നത്. അതിനുശേഷം അവിടെ സംസാരം നടന്നു. അപ്പോൾ ഹദ്റത്ത് ഉമർ പറഞ്ഞു: സ്വുഹയ്ബേ! മൂന്നുകാര്യങ്ങളിലല്ലാതെ ഞാൻ താങ്കളിൽ ഒരു കുറവും കണ്ടിട്ടില്ല. അത് താങ്കളിലില്ലായിരുന്നെങ്കിൽ ഞാൻ ആർക്കും താങ്കളുടമേൽ ശ്രേഷ്ഠത നല്കുമായിരുന്നില്ല. താങ്കൾ താങ്കളെ അറബികളുമായി ചേർത്തു പറയുന്നു. താങ്കളുടെ ഭാഷയാണെങ്കിൽ അനറബിയാണ്. താങ്കളുടെ സംജ്ഞാനാമം താങ്കൾ അബു യഹ്‌യാ എന്നു പറയുന്നു. അത് ഒരു നബിയുടെ പേരാണ്. താങ്കൾ താങ്കളുടെ ധനം അനാവശ്യമായി ചെലവഴിക്കുന്നു. ഹദ്റത്ത് സ്വുഹയ്ബ് അതിനുള്ള മറുപടിയിൽ പറഞ്ഞു, ഞാൻ അനാവശ്യമായി ധനം ചെലവു ചെയ്യുന്നതിനെക്കുറിച്ചു പറയുകയാണെങ്കിൽ എവിടെയാണോ ചെലവഴിക്കേണ്ടത് അവിടെ മാത്രമേ ഞാൻ ചെലവഴിക്കാറുള്ളു. അനാവശ്യമായി ചെലവഴിക്കാറില്ല. എന്റെ സംജ്ഞാനാമത്തെ കുറിച്ചു പറയുകയാണെങ്കിൽ അത് നബി(സ)തിരുമേനി എനിക്കിട്ട പേരാണ്. അത് ഞാനൊരിക്കലും മാറ്റുകയില്ല. അറബികളുമായി ഞാൻ എന്നെ ചേർത്തു പറയുന്നതിനെസംബന്ധിച്ചിടത്തോളം എനിക്കു പറയാനുള്ളത് റോമക്കാർ എന്നെ ചെറുപ്രായത്തിൽ തടവിലാക്കി. അതുകൊണ്ട് ഞാൻ അവരുടെ ഭാഷ പഠിച്ചു. ഞാൻ 'നമിർ ബിൻ ഖാസിത്' ഗോത്രവുമായി ബന്ധപ്പെട്ടയാളാണ്.

ഹദ്റത്ത ഉമർ(റ) ഹദ്റത്ത് സ്വുഹയ്ബ്(റ)നെ വളരെയധികം സ്നേഹിക്കുകയും അദ്ദേഹത്തെക്കുറിച്ച് ശുഭാപ്തി വിശ്വാസം വച്ചുപുലർത്തുകയും ചെയ്തിരുന്നു. ഏതുവരെയെന്നാൽ ഹദ്റത്ത് ഉമർ(റ)നു പരിക്കേറ്റപ്പോൾ തന്റെ ജനാസ സ്വുഹയ്ബ് നമസ്കരിപ്പിക്കണമെന്നും ശൂറാ അംഗങ്ങൾ അടുത്ത ഖലീഫയെ ഐകകണ്ഠ്യേന തിരഞ്ഞെടുക്കുന്നതുവരെ മൂന്നു ദിവസത്തോളം മുസ്‌ലിമീങ്ങൾക്ക് ഇമാമത്ത് നിൽക്കണമെന്നും വസ്വിയ്യത്ത് ചെയ്യുകയുണ്ടായി.

ഹദ്റത്ത് സ്വുഹയ്ബ്(റ) ഹിജ്‌രി 38ന് ശവ്വാൽ മാസത്തിൽ വഫാത്തായി. 39 ഹിജരിയിലാണെന്നും ചില അഭിപ്രായമുണ്ട്. വഫാത്തിന്റെ സമയത്ത് അദ്ദേഹത്തിന് എഴുപത്തിമൂന്ന് വയസ്സായിരുന്നു. ചില നിവേദനങ്ങളിൽ എഴുപത് വയസ്സെന്നും കാണാം. മദീനയിലാണ് അദ്ദേഹത്തെ ഖബറടക്കിയത്.(ഉസുദുൽഗാബ വാള്യം 3, പേജ് 41, സ്വുഹയ്ബ് ബിൻ സിനാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്2016)

അടുത്തതായി വിവരിക്കാൻ പോകുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്(റ). ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്(റ)ന്റെ ബന്ധം അൻസ്വാറിന്റെ ഗോത്രമായ ഖദ്റജിന്റെ കുടുംബം ബനൂ ഹാരിഥുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് റബീഅ് ബിൻ അംറ് എന്നും മാതാവിന്റെ പേര് ഹുസയ്‌ല ബിൻത് ഇനബ എന്നുമായിരുന്നു. ഹദ്റത്ത് സഅ്ദിന് രണ്ടു ഭാര്യ ഉണ്ടായിരുന്നു. ഒരാളുടെ പേര് അംറ ബിൻത് ഹസം എന്നും രണ്ടാമത്തെ ഭാര്യയുടെ പേര് ഹബീബ ബിൻത് സയ്ദ് എന്നുമായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ അംറിന് രണ്ടു പെൺമക്കളുണ്ടായിരുന്നു. ഉമ്മു സഅ്ദാ ആയിരുന്നു ഒരു മകൾ; ഒരു സ്ഥലത്ത് ഉമ്മുസയീദെന്നും എഴുതപ്പെട്ടിട്ടുണ്ട്. അവരുടെ യഥാർഥ പേര് ജമീല എന്നായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 395, വാള്യം 8, പേജ് 303, ഉമ്മു അമ്മാറ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2017)(ഉംദത്തുൽഖാരി വാള്യം 20, പേജ് 216, ദാറു അഹ് യാഉത്തുറാഥ് അൽ അറബി ബേറൂത്ത് 2003)

ജാഹിലിയ്യാ കാലഘട്ടത്തിൽ സഅ്ദിന് എഴുത്തും വായനയും അറിയാമായിരുന്നു. അക്കാലത്ത് വളരെ കുറച്ചുപേർക്കുമാത്രമെ എഴുത്തും വായനയും അറിയുമായിരുന്നുള്ളു. അദ്ദേഹം ബനൂഹാരിഥ് ഗോത്രത്തിന്റെ നേതാവായിരുന്നു. ഒന്നാം അഖ്ബ ബയ്അത്തിലും രണ്ടാം അഖ്ബ ബയ്അത്തിലും അദ്ദേഹം പങ്കെടുത്തിരുന്നു. (ഉസുദുൽഗാബ വാള്യം 2, പേജ് 214, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്2016)

മദീന ഹിജ്റത്തിന്റെ നേരത്ത് നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദിന്റേയും ഹ്ദറത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിന്റേയും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. സഅ്ദ്(റ) പറഞ്ഞു: അൻസ്വാറിന്റെ കൂട്ടത്തിൽ കൂടുതൽ ധനമുള്ളവനാണു ഞാൻ. എന്റെ ധനത്തിൽനിന്ന് പകുതി താങ്കൾക്കു ഞാൻ ഭാഗിച്ചു നല്കാം. എന്റെ രണ്ടു ഭാര്യമാരിൽ ആരെയാണ് താങ്കൾക്ക് കൂടുതൽ ഇഷ്ടപ്പെട്ടതെന്ന് നോക്കുക. ഞാനവളേയും വിട്ടുതരാം. (വിവാഹമോചനം നടന്ന്)അവളുടെ ഇദ്ദ കഴിഞ്ഞാൽ താങ്കൾക്ക് അവളെ ഞാൻ വിവാഹം ചെയ്തു തരാം. അപ്പോൾ അബ്ദുർറഹ്മാൻ(റ) പറഞ്ഞു: 'അതൊന്നും എനിക്കാവശ്യമില്ല. ഇവിടെ കച്ചവടം ചെയ്യാൻ പറ്റുന്ന വല്ല അങ്ങാടിയുമുണ്ടോ?' സഅ്ദ് പറഞ്ഞു: 'ഉണ്ട് ഖയ്നുഖാഅ് അങ്ങാടിയാണത്.'


**ഹദീഥുന്നബ്വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ്
ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.'
(ബുഖാരി, മുസ്‌ലിം)*

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

**ഹദീഥുന്നബ്വി (സ):**

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ
ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു
നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ
ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

അബ്ദുർറഹ്മാൻ ആ മാർക്കറ്റിലേക്ക് പ്രഭാതത്തിൽ പുറപ്പെട്ടു. കുറച്ചു പാൽക്കട്ടിയും നെയ്യുമായി വന്നു. (അതുവിറ്റു). പിന്നീടെന്നും അത് പതിവാക്കി. അധികം താമസിച്ചില്ല. ഒരിക്കൽ അബ്ദുർറഹ്മാൻ തന്റെ വസ്ത്രത്തിൽ മഞ്ഞ സുഗന്ധദ്രവ്യം പുരട്ടിവന്നു. അപ്പോൾ നബി(സ)തിരുമേനി ചോദിച്ചു: 'താങ്കൾ വിവാഹം കഴിച്ചോ?' അതെയെന്ന് അദ്ദേഹം പറഞ്ഞു. ആരെയെന്ന് നബി(സ)വീണ്ടും ചോദിച്ചു. ഒരു അൻസ്വാരി സ്ത്രീയെ എന്ന് അദ്ദേഹം മറുപടി നല്കി. താങ്കൾ അവൾക്ക് മഹ്ർ എത്ര കൊടുത്തുവെന്ന് നബി(സ) തുടർന്നു ചോദിച്ചു. അദ്ദേഹം പറഞ്ഞു, 'ഒരുഈത്തപ്പഴക്കുരുവോളം സ്വർണം.' നബി(സ)തിരുമേനി പറഞ്ഞു:'ഒരാടിനെ അറത്തെങ്കിലും നീ വിവാഹസദ്യ നടത്തുക.' (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്, ഹദീഥ് നമ്പർ 2048)

അദ്ദേഹത്തിന്റെ കഴിവനുസരിച്ച് വലീമ(വിവാഹസദ്യ) നടത്താൻ നബി(സ)തിരുമേനി അദ്ദേഹത്തോടു പറഞ്ഞു. ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്(റ) ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തു. ഉഹുദ് യുദ്ധത്തിൽ അദ്ദേഹം വീരമൃത്യു വരിക്കുകയും ചെയ്തു. ഉഹുദ് യുദ്ധ ദിവസം നബി(സ)തിരുമേനി ചോദിച്ചു: സഅ്ദ് ബിൻ റബീഅ്(റ)നെ കുറിച്ച് എനിക്കു വിവരം നല്കാൻ ആരാണുള്ളത്? ഒരാൾ പറഞ്ഞു: 'ഞാനുണ്ട്.' അങ്ങനെ അദ്ദേഹം വധിക്കപ്പെട്ടുകിടക്കുന്നവരുടെ ഇടയിൽ സഅ്ദിനെ തിരയാൻ തുടങ്ങി. ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്(റ) ആ വ്യക്തിയെ കണ്ട് പറഞ്ഞു: താങ്കൾക്ക് നല്ലതുതന്നെയല്ലേ? അയാൾ പറഞ്ഞു: 'നബി(സ)തിരുമേനി താങ്കളുടെ വിവരം അന്വേഷിച്ച് അറിയിക്കാൻ എന്നെ അയച്ചതാണ്. അപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്(റ) പറഞ്ഞു:'നബി(സ)തിരുമേനിക്ക് എന്റെ സലാം പറയണം. എനിക്കു കുന്തംകൊണ്ടുള്ള 12 മുറിവുകൾ ഉണ്ടായിട്ടുണ്ടെന്നും അറിയിക്കണം. ഞാനുമായി പോരാടിയവർ നരകത്തിലെത്തിയിരിക്കുന്നു.' അതായത് ആരെല്ലാം ഞാനുമായി യുദ്ധം ചെയ്തുവോ അവരെയെല്ലാം ഞാൻ കൊന്നു. 'നിങ്ങളിൽ ഒരാൾപോലും ജീവിച്ചിരിക്കെ നബി(സ) തിരുമേനി ശഹീദായാൽ നാളെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഒരു ഒഴികഴിവും വിലപ്പോകുകയില്ലെന്ന് എന്റെ ജനതയോടും പറയണം.' അദ്ദേഹത്തിന്റെ അടുത്തുപോയ ആൾ ഹദ്റത്ത് ഉബയ് ബിൻ കഅ്ബായിരുന്നുവെന്ന് പറയുന്നുണ്ട്. ഹദ്റത്ത് ഉബയ്ബിൻ കഅ്ബിനോടു ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്(റ) പറഞ്ഞു: എന്റെ ജനതയോടു പറയണം, 'അല്ലാഹുവിനെ ഭയപ്പെടുക എന്ന്. നിങ്ങളിൽനിന്നുള്ള സഅ്ദ് ബിൻ റബീഅ്(റ) പറയുന്നുവെന്ന്.' മറ്റൊരു നിവേദനമുണ്ട്. ഏതൊരു പ്രതിജ്ഞയാണോ നിങ്ങൾ അഖബ രാത്രി നബി(സ)തിരുമേനിയോടു ചെയ്തത് അതോർക്കുക.അല്ലാഹുവാണ! അല്ലാഹുവിന്റെ തിരുസന്നിധിയിൽ നിങ്ങളുടെ ഒരു ഒഴികഴിവും വിലപ്പോകുകയി ല്ല. നിങ്ങളുടെ ആരുടെയെങ്കിലും ഒരു കണ്ണു തുടിക്കവെ അതായത് ആരെങ്കിലും ബാക്കിയായിട്ടുണ്ടെങ്കിൽ അവിശ്വാസികൾ നബി(സ)തിരുമേനിയുടെ അടുത്തെത്തിയാൽ അല്ലാഹുവിന്റെ പക്കൽ അയാളുടെ ഒരു ഒഴികഴിവും വിലപ്പോകുകയില്ല. ഹദ്റത്ത് ഉബയ്ബിൻ കഅ്ബ് പറയുന്നു: ഞാൻ ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്(റ)ന്റെ അടുത്തുതന്നെയുള്ളപ്പോൾ അദ്ദേഹം വഫാത്തായി. ആ നേരത്ത് അദ്ദേഹം മുറിവുകൾകൊണ്ട് വല്ലാത്തൊരു സ്ഥിതിയിലായിരുന്നു. ഉബയ് ബിൻ കഅ്ബ് പറയുന്നു: ഞാൻ നബി(സ)തിരുമേനിയുടെ അടുത്തെത്തി. ഇങ്ങനെയൊക്കെ ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്(റ) സംസാരിച്ചുവെന്നു പറഞ്ഞ് എല്ലാ കാര്യങ്ങളും അറിയിച്ചു. ഇങ്ങനെ അദ്ദേഹം ശഹീദായെന്നും ഇതായിരുന്നു അദ്ദേഹത്തിന്റെ അവസ്ഥയെന്നും പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു അദ്ദേഹത്തിനുമേൽ കരുണ ചൊരിയുമാറാകട്ടെ. അദ്ദേഹം ജീവിതകാലത്തും മരണത്തിനുശേഷവും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അഭ്യുദയകാംക്ഷിയായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്(റ)നേയും ഹദ്റത്ത് ഖാരിജ ബിൻ സയ്ദിനേയും ഒരു ഖബ്റിലാണ് മറയടക്കിയത്.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാല്യം 3, പേജ് 396, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2017)(അൽഇസ്തീആബ് വാല്യം 2, പേജ് 157, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2010)(ഉസുദുൽഗാബ വാല്യം 2, പേജ് 432–433, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്2016)

ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്(റ)ന്റെ ശഹാദ ത്ത് സംഭവം ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇങ്ങനെ എഴുതുന്നു: നബി(സ)തിരുമേനിയും രണാങ്കണത്തിൽ ഇറങ്ങിയിരുന്നു. അവിടന്ന് ശഹീദായവരെ നോക്കാൻ തുടങ്ങി. യുദ്ധം അവസാനിച്ചതിനുശേഷമുള്ള മുസ്‌ലിമീങ്ങളുടെ മുമ്പിലുണ്ടായിരുന്ന ദൃശ്യം കരളലിയിപ്പിക്കുന്നതായിരുന്നു. നബി(സ)തിരുമേനിക്കും മുറിവേറ്റിരുന്നു. പക്ഷേ, എന്നിട്ടും അവിടന്ന് യുദ്ധമൈതാനത്തിറങ്ങി ശഹീദായവരുടെ ശരീരങ്ങൾ നോക്കാൻ തുടങ്ങി. അവരെ എങ്ങനെ ഖബ്റടക്കണം, മുറിവേറ്റവരെ എങ്ങനെ ചികിത്സിക്കണം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിച്ചു. എന്തായാലും ആ നേരത്ത് മുസ്‌ലിമീങ്ങളുടെ മുമ്പിലുണ്ടായിരുന്ന ദൃശ്യം ഭയാനകമായിരുന്നു. അത് രക്തത്തിന്റെ കണ്ണീരൊഴുക്കി. 70 മുസ്‌ലിമീങ്ങൾ മണ്ണിലും ചോരയിലും പുതഞ്ഞു മൈതാനത്ത് കിടക്കുന്നു. മൃതശരീരങ്ങളെ വികൃതമാക്കുക എന്നത് അറബികളുടെ മൃഗീയമായ ആചാരമായിരുന്നു. അതായത് അവർ യുദ്ധത്തിൽ ശഹീദാകുക മാത്രമായിരുന്നില്ല, പ്രത്യുത അവരുടെ മൃതദേഹത്തെ മക്കയിലെ അവിശ്വാസി സമൂഹം തിരിച്ചറിയാൻ സാധിക്കാത്തവിധം അവയവങ്ങൾ ഓരോന്നും മുറിച്ചുമാറ്റി വികൃതവുമാക്കിയിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ആ വധിക്കപ്പെട്ടവരിൽ മുഹാജിറുകൾ ആറുപേർ മാത്രമെ ഉണ്ടായിരുന്നുള്ളു. ബാക്കിയെല്ലാവരും അൻസ്വാറുമായി ബന്ധപ്പെട്ടവരായിരുന്നു. 33 ഖുറയ്ശികളാണ് വധിക്കപ്പെട്ടത്. നബി(സ)തിരുമേനി തന്റെ പിതൃവ്യനും മുലകുടി ബന്ധത്തിൽ സഹോദരനുമായ ഹദ്റത്ത് ഹംസത്ത് ബിൻ അബ്ദുൽ മുത്ത്വലിബിന്റെ മൃതശരീരത്തിനരികെ വന്നു; അവിടന്ന് സ്തംഭിച്ചുനിന്നുപോയി. കാരണം അബൂസുഫിയാന്റെ ഭാര്യ ദ്രോഹിയായ ഹിന്ദ് അദ്ദേഹത്തിന്റെ ശരീരം അങ്ങേയറ്റം വികൃതമാക്കിക്കളഞ്ഞിരുന്നു. കുറച്ചു സമയംവരെ അവിടന്ന് മൗനമായി അവിടനിന്നു. ആ മുഖത്ത് ദുഃഖവും ദേഷവും നിഴലിക്കുന്നുണ്ടായിരുന്നു. ഹംസത്തിന്റെ ശരീരത്തെ അവർ വികൃതമാക്കിയതുപോലെ അവരുടെ മൃതദേഹങ്ങളേയും വികൃതമാക്കണമെന്ന് ഒരു നിമിഷം അവിടന്ന് ചിന്തിച്ചിട്ടുണ്ടാകാം. അവരെ പാഠം പഠിപ്പിക്കാൻ അതേ വഴിയുള്ളുവെന്ന് കരുതിയിട്ടുണ്ടാകാം. പക്ഷേ, അവിടന്ന് ക്ഷമിച്ചു. എന്നുമാത്രമല്ല മൃതദേഹങ്ങളെ വികൃതമാക്കുക എന്ന ആ ദുരാചാരം ഇസ്‌ലാമിൽ നിരോധിക്കുകയും ചെയ്തു. അവിടന്ന് അരുൾച്ചെയ്തു: ശത്രു എന്തൊക്കെ ചെയ്താലും നിങ്ങളൊരിക്കലും അത്തരം മൃഗീയമായ മാർഗം സ്വീകരിക്കരുത്. നന്മയുടേയും ഔദാര്യത്തിന്റേയും മാർഗം സ്വീകരിക്കണം. നബി(സ)തിരുമേനിയുടെ പിതൃസഹോദരി സ്വഫിയ ബിൻത് അബ്ദുൽ മുത്ത്വലിബ് തന്റെ സഹോദരൻ ഹംസത്തിനെ വളരെയേറെ സ്നേഹിച്ചിരുന്നു. മുസ്‌ലിമീങ്ങളുടെ ദാരുണമായ വാർത്ത കേട്ട് അവരും മദീനയിൽനിന്ന് വന്നു. ഉമ്മയെ മാതുലന്റെ മയ്യിത്ത് കാണിക്കരുതെന്ന് നബി(സ)തിരുമേനി അവരുടെ മകൻ സുബയ്ർ ബിൻ അൽഅവാമിനോടു പറഞ്ഞു. എന്നാൽ, സഹോദരിയുടെ സ്നേഹം എങ്ങനെയാണ് അടക്കാൻ കഴിയുക. മയ്യിത്ത് കാണേണ്ടെന്നും അത് വികൃതമാക്കപ്പെട്ടിരിക്കുകയാണെന്നും ഉമ്മയോടു മകൻ പറഞ്ഞു. പക്ഷേ, കാണണമെന്ന് അവർ നിർബന്ധം പിടിച്ചു. 'എനിക്കു ഹംസത്തിന്റെ ശരീരം കാണിച്ചുതരിക. ക്ഷമിക്കുമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. ഒരു വാക്കുപോലും പറയുകയില്ല.' അവർ പറഞ്ഞു. അങ്ങനെ അവർ സഹോദരനായ ഹംസത്തിന്റെ അടുത്തുപോകുകയും കാണുകയും ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ പറയുകയും ചെയ്തു.

അദ്ദേഹം വീണ്ടും എഴുതുന്നു: മറ്റു സ്വഹാബാക്കളുടെ മയ്യിത്തിനോടും ശത്രുക്കൾ ഇതുപോലെ പെരുമാറിയിരുന്നു. നബി(സ)തിരുമേനിയുടെ സഹോദരി പുത്രൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ ശരീരവും ശത്രുക്കൾ വികൃതമാക്കിയിരുന്നു. നബി(സ)തിരുമേനി ഒരു ശരീരത്തിന്റെ അടുത്തുനിന്ന് മറ്റൊന്നിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. അവിടത്തെ മുഖത്ത് ദുഃഖവും വിഷമവും കൂടിക്കൊണ്ടിരുന്നു. ആ അവസരത്തിലാണെന്ന് തോന്നുന്നു അവിടന്ന് പറഞ്ഞു: 'അൻസ്വാറിന്റെ നേതാവായ സഅ്ദ് ബിൻ റബീഅ്(റ)ന്റെ അവസ്ഥ എന്താണെന്ന് ആരെങ്കിലും പോയി നോക്കുക. ജീവിച്ചിരിപ്പുണ്ടോ, ഇല്ലേ? യുദ്ധസമയത്ത് ഞാൻ അദ്ദേഹത്തെ കണ്ടതാണ്. അദ്ദേഹത്തെ ശത്രുക്കളുടെ കുന്തങ്ങൾ വളഞ്ഞിരുന്നു.' നബി(സ)തിരുമേനിയുടെ ഈ വാക്കുകൾകേട്ട് ഒരു അൻസ്വാരി സഹോദരൻ ഉബയ് ബിൻ കഅ്ബ് അദ്ദേഹത്തെ തിരഞ്ഞുപോയി. മൈതാനത്ത് അവിടേയും ഇവിടേയു

## ഹദീഥുന്നബവി (സ):

*നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്‌ലിം)*

ത്വാലിബെ ദുആ:
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

## ഹദീസുന്നബവി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരുനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്‌ലിം)**

ത്വാലിബെ ദുആ:
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

മൊക്കെ തിരഞ്ഞു. എന്നാൽ, അവിടെയൊന്നും അദ്ദേഹത്തെ കാണാൻ കഴിഞ്ഞില്ല. അവസാനം സഅ്ദിന്റെ പേരെടുത്തുകൊണ്ട് ഉറക്കെ ഉറക്കെ അദ്ദേഹം വിളിച്ചു ചോദിക്കാൻ തുടങ്ങി. അദ്ദേഹം ഉറക്കെ വിളിച്ചു പറഞ്ഞു: സഅ്ദേ! നബി(സ)തിരുമേനി താങ്കളുടെ വിവരമന്വേഷിക്കാൻ എന്നെ അയച്ചതാണ്. സഅ്ദേ! താങ്കൾ എവിടെയാണ്? എന്നെ അല്ലാഹുവിന്റെ റസൂൽ താങ്കളുടെ അടുത്തേക്ക് അയച്ചിരിക്കുന്നു. ഉബയിന്റെ ആ ശബ്ദം മൃതപ്രായനായ സഅ്ദിന്റെ ശരീരത്തിലേക്ക് ഒരു വൈദ്യുതിപോലെ പ്രവഹിച്ചു. മൃതശരീരങ്ങൾക്കിടയിൽ പകുതി മരിച്ച അവസ്ഥയിലായിരുന്നു അദ്ദേഹം. നബി(സ)തിരുമേനിയുടെ പേരു കേട്ടപാടെ പെട്ടെന്ന് ശരീരത്തിൽ ഒരു ചലനമുണ്ടായി. അദ്ദേഹം ചെറിയ ശബ്ദത്തിൽ പറഞ്ഞു: 'ആരാണ്? ഞാനിവിടെയുണ്ട്.' ഉബയ് ബിൻ കഅ്ബ് സൂക്ഷിച്ചുനോക്കി. കുറച്ച് അകലെയായി വധിക്കപ്പെട്ടവരുടെ ഒരു കൂനയിൽ സഅ്ദിനെ കണ്ടു. ആ നേരത്ത് അദ്ദേഹം സക്കാറത്തുൽമൗത്തിന്റെ അവസ്ഥയിലായിരുന്നു. ഉബയ് ബിൻ കഅ്ബ് അദ്ദേഹത്തോടു പറഞ്ഞു: 'എന്നെ നബി(സ)തിരുമേനി താങ്കളുടെ അവസ്ഥ അന്വേഷിക്കാൻ അയച്ചതാണ്.' ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലിന് എന്റെ സലാം പറയണം. ദൈവദൂതന്മാർക്ക് അവരുടെ അനുയായികളുടെ ത്യാഗവും ആത്മാർഥതയും കാരണത്താൽ കിട്ടുന്ന പ്രതിഫലം ആ നബിമാർക്കെല്ലാവർക്കും കിട്ടുന്നതിനെക്കാൾ അധികം അല്ലാഹുവിന്റെ റസൂലിന് കിട്ടുമാറാകട്ടെയെന്നും അവിടത്തെ കണ്ണുകൾക്ക് കുളിർമ പ്രദാനം ചെയ്യുമാറാകട്ടെ എന്നും പറയണം. നിങ്ങളിൽ ജീവന്റെ തുടിപ്പ് നിലനില്ക്കെ അല്ലാഹുവിന്റെ റസൂലിന് എന്തെങ്കിലും സംഭവിച്ചാൽ അല്ലാഹുവിന്റെ മുമ്പിൽ നിങ്ങളുടെ ഒരുഒഴികഴിവും വിലപ്പോകുകയില്ലെന്ന് എന്റെ ജനതയോടും പറയണം.' ഇതും പറഞ്ഞ് സഅ്ദ് ജീവൻ വെടിഞ്ഞു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ്(റ) പേജ് 500–501)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദും(റ) ഈ സംഭവത്തെ കുറിച്ച് തന്റെ വാക്കുകളിൽ ഇങ്ങനെ വിവരച്ചു: 'ഉഹുദു യുദ്ധത്തിലെ ഒരു സംഭവമാണ്. യുദ്ധത്തിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്ബിൻ കഅ്ബിനോട്, പരിക്കേറ്റവരെക്കുറിച്ച് അന്വേഷിച്ചു വരാൻ പറഞ്ഞു. അന്വേഷിച്ചന്വേഷിച്ച് ഹദ്റത്ത് സഅ്ദ് ബിൻ റബീഇനെ പരിക്കേറ്റ് അന്ത്യശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന നിലയിൽ കണ്ടെത്തുകയുണ്ടായി. 'താങ്കളുടെ ഉറ്റവർക്കും ബന്ധുക്കൾക്കും എന്തെങ്കിലും സന്ദേശം നൽകാനുണ്ടെങ്കിൽ എന്നോട് പറയാമെന്ന് ഉബയ് അദ്ദേഹത്തോട് പറഞ്ഞു. സഅ്ദ് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഏതെങ്കിലും മുസ്‌ലിം ഇവിടെ വന്നിരുന്നെങ്കിലെന്നോർത്ത് ഞാൻ കാത്തിരിക്കുകയായിരുന്നു. താങ്കൾ എന്റെ സന്ദേശമെത്തിക്കുമെന്ന് എന്റെ കൈ പിടിച്ച് വാഗ്ദാനം ചെയ്യുക.' അതിനുശേഷം അദ്ദേഹം നല്കിയ സന്ദേശം ഇതായിരുന്നു:'എന്റെ സഹോദരന്മാരായ മുസ്‌ലിമീങ്ങൾക്ക് എന്റെ സലാം എത്തിക്കണം. എന്റെ ജനതയോടും എന്റെ ബന്ധുക്കളോടും പറയണം, നബി(സ)തിരുമേനി നമ്മുടെ പക്കലുള്ള അല്ലാഹുവിന്റെ ഏറ്റവും ഉത്തമമായ അമാനത്താണ്. ഞങ്ങൾ ഞങ്ങളുടെ ജീവൻകൊണ്ട് ആ അമാനത്തിനെ സംരക്ഷിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ഞങ്ങൾ പോകുകയാണ്.' ഞങ്ങൾ പോകുകയാണ്, ഈ ലോകത്തുനിന്ന് വിടവാങ്ങുകയാണ്.'ഈ അമാനത്തിന്റെ സംരക്ഷണം നിങ്ങളെ ഏല്പിക്കുകയാണ്. നിങ്ങൾ ഈ സംരക്ഷണത്തിൽ ബലഹീനത കാണിക്കാൻ പാടില്ല.' ഈ സംഭവത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുകയാണ്, നോക്കുക അത്തരം സാഹചര്യത്തിൽ ഒരാൾ എന്താണ് ചിന്തിക്കുക. താൻ മരണാസന്നനാണ്, തന്റെ ഭാര്യയുടെ അവസ്ഥയെന്താകും, തന്റെ കുട്ടികളെ ആരു നോക്കും എന്നെല്ലാമുള്ള ചിന്തകളാണ് സാധാരണ മനസ്സിൽ വരിക. എന്നാൽ, ഈ സ്വഹാബി നല്കിയ സന്ദേശം മറ്റൊന്നുമായിരുന്നില്ല. അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ നബി(സ) തിരുമേനിയെ സംരക്ഷിച്ചുകൊണ്ട് ഈ ലോകത്തുനിന്ന് വിടപറയുകയാണ്. നിങ്ങളും ആ മാർഗം പിന്തുടർന്നുകൊണ്ട് പിന്നാലെ വരിക.' നബി(സ)തിരുമേനിയെ സംരക്ഷിക്കുക എന്നതാണ് ഏറ്റവും വലിയ ജോലി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുകയാണ്: അവരുടെ ആ വിശ്വാസത്തിന്റെ ശക്തികൊണ്ടു തന്നെയാണ് അവർ ലോകത്തെ കീഴ്മേൽമറിക്കുകയും കിസ്റായുടെയും കൈസറിന്റെയും അധികാര സിംഹാസനം മാറ്റിമറിക്കുകയും ചെയ്തത്. റോമിലെ ഖയ്സർ ചക്രവർത്തി ഇക്കൂട്ടർ ആരാണെന്ന് കണ്ട് അത്ഭുതപ്പെട്ടുപോയി. കിസ്റാ തന്റെ സൈന്യാധിപനെഴുതി: 'ഈ അറബികളേയും നിങ്ങൾക്ക് കീഴടക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾ മടങ്ങിപ്പോരുക. വീടുകളിൽവന്ന് വളകൾ അണിഞ്ഞിരിക്കുക.' അയാൾ തന്റെ ജേർണലിനോടു പറഞ്ഞു:'ഇവർ മലം തിന്നുന്നവരാണ്. അവരേയും നിങ്ങൾക്ക് തടയാൻ കഴിയുന്നില്ല. തികച്ചും നിസാരരാണ് അവർ. ഭക്ഷണവും അവർക്ക് കിട്ടാറില്ല. മലമാണ് ഇവർ തിന്നുന്നത്.' ജേർണൽ മറുപടി നല്കി:

ഇവർ മനുഷ്യരാണെന്ന് തോന്നുന്നില്ല. ഇതേതോ ബലായാണ്. ഇവർ വാളുകളുടേയും കുന്തങ്ങളുടേയും മുകളിലൂടെ ചാടിക്കടന്നാണ് വരുന്നത്.'(തഫ്സീറെ കബീർ വാല്യം 7, പേജ് 338). ഇങ്ങനെ ആവേശവും വികാരവുമുള്ള ആളുകളെ നമുക്കെങ്ങനെ കീഴ്പ്പെടുത്താൻ കഴിയും? ഒരിക്കൽ ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്(റ) ന്റെ മകൾ ഉമ്മു സഅ്ദ് ഹദ്റത്ത് അബൂബക്കറിന്റെ അടുത്തുവന്നു. അദ്ദേഹം അവർക്കുവേണ്ടി തന്റെ തുണി വിരിച്ചു. ഹദ്റത്ത് ഉമർ(റ) വന്നപ്പോൾ ഇതാരാണെന്ന് ചോദിച്ചു. ഹദ്റത്ത് അബൂബക്കർ(റ)പറഞ്ഞു:'എന്നെക്കാളും താങ്കളെക്കാളും ഉത്തമനായ ഒരു മനുഷ്യന്റെ മകളാണ്. ഹദ്റത്ത് ഉമർ(റ) വീണ്ടും ചോദിച്ചു: ഖലീഫത്തുർറസൂലേ! അതാരാണ്? ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു:'നബി(സ)തിരുമേനിയുടെ കാലത്ത് വഫാത്താകുകയും സ്വർഗത്തിൽ തന്റെ സ്ഥാനമുണ്ടാക്കുകയും ചെയ്തയാൾ! ഞാനും നിങ്ങളും ബാക്കിയായി!'(അൽഇസ്വാബ, വാല്യം 2, പേജ് 315, സഅ്ദ് ബിൻ അർറബീഅ്, ദാറുൽഫിക്ർ ബേറൂത്ത്, 2001)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ)പറയുന്നു: ഹദ്റത്ത് സഅ്ദിന്റെ ഭാര്യ തന്റെ രണ്ടു പെൺമക്കളുമായി നബി(സ)തിരുമേനിയുടെ അടുത്തു വന്നു. അവർ പറഞ്ഞു: യാ റസൂലല്ലാഹ്! ഇവർ രണ്ടുപേരും അങ്ങയോടൊപ്പം പോരാടി ഉഹുദു ദിവസം ശഹീദായ സഅ്ദ് ബിൻ റബീയിന്റെ മക്കളാണ്. ഇവർ രണ്ടുപേരുടേയും സ്വത്ത് അവരുടെ പിതൃവ്യൻ പിടിച്ചു വെച്ചിരിക്കുന്നു. അതായത് സഅ്ദിന്റെ സ്വത്ത് അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ കൈക്കലാക്കിയിരിക്കുന്നു. ഇവർക്കൊന്നും നല്കിയിട്ടില്ല. ഇവർക്കുവേണ്ടി സ്വത്തൊന്നും നീക്കിവെച്ചിട്ടില്ല. ഇവർക്ക് സ്വത്തൊന്നുമില്ലാത്തകാരണത്താൽ ഇവരുടെ വിവാഹവും നടക്കുകയില്ല. നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു ഇതു സംബന്ധമായി വിധി പറയുന്നതായിരിക്കും. നിങ്ങൾ അല്പം കാത്തിരിക്കുക! അങ്ങനെ അനന്തരാവകാശികളെ സംബന്ധിച്ചുള്ള ആയത്തിറങ്ങി. പിന്നീട് നബി(സ)തിരുമേനി ഇവരേയും പിതൃവ്യനേയും വിളിപ്പിച്ചു. അവരോടു പറഞ്ഞു: സഅ്ദിന്റെ മക്കൾക്ക് അദ്ദേഹത്തിന്റെ സ്വത്തിൽനിന്ന് മൂന്നിൽ രണ്ട് അംശം കൊടുക്കുക. അവരുടെ മാതാവിന് എട്ടിലൊന്ന് കൊടുക്കുക. ബാക്കി താങ്കളുടേതാണ്.(സുനനുത്തിർമദി, കിതാബുൽ ഫറാഇള്, ഹദീഥ് നമ്പർ 2092)

ഈ സംഭവം വിവരിച്ചുകൊണ്ട് കുറച്ചു വിശദീകരണം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തമുന്നബിയ്യീനിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്: 'ഹദ്റത്ത് സഅ്ദ്(റ) ഒരു സമ്പന്നനായിരുന്നു. നല്ല ഭക്ഷണപാനീയങ്ങളായിരുന്നു അദ്ദേഹം കഴിച്ചിരുന്നത്. തന്റെ ഗോത്രത്തിൽ ഉന്നത നിലയുള്ള ആളായിരുന്നു. അദ്ദേഹത്തിന് ആൺമക്കളാരുമുണ്ടായിരുന്നില്ല. രണ്ടു പെൺമക്കളും ഭാര്യയുമാണുണ്ടായിരുന്നത്. നബി(സ)തിരുമേനിക്ക് ആ നിമിഷംവരെ അനന്തരാവകാശ പദ്ധതിയെ കുറിച്ച് ഒരു കല്പനയും ഇറങ്ങിയിരുന്നില്ല. സ്വഹാബാക്കൾ പുരാതന അറബികളുടെ സമ്പ്രദായമനുസരിച്ച് മരിച്ചയാളുടെ സ്വത്തുക്കൾ വിതരണം ചെയ്തിരുന്നു. മരിച്ചയാൾക്ക് ആൺകുട്ടികളാരുമില്ലെങ്കിൽ അയാളുടെ പിതൃപരമ്പരയിലെ മൂത്തയാൾ സ്വത്തുക്കൾ കൈവശപ്പെടുത്തിയിരുന്നു. വിധവകൾക്കും അവരുടെ പെൺകുട്ടികൾക്കും ഒന്നും ലഭിക്കുമായിരുന്നില്ല. അതുകൊണ്ട് സഅ്ദ് ബിൻ റബീഅ(റ) ശഹീദായപ്പോൾ അദ്ദേഹത്തിന്റെ സഹോദരൻ അദ്ദേഹത്തിന്റെ മുഴുവൻ സ്വത്തും കൈവശപ്പെടുത്തി. സഅ്ദിന്റെ ഭാര്യയും പെൺമക്കളും നിരാശ്രയരായി. ഈ ബുദ്ധുമുട്ട് സഹിക്കവയ്യാതെ സഅ്ദിന്റെ വിധവ തന്റെ രണ്ടു പെൺമക്കളേയും കൂട്ടി നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. തന്റെ എല്ലാകാര്യങ്ങളും നബിയോടു പറഞ്ഞ് തന്റെ ഹൃദയവേദന പ്രകടിപ്പിച്ചു. നബി(സ) തിരുമേനിക്ക് അതൊരു വിഷമമുണ്ടാക്കി. എന്നാൽ, ഇതുസംബന്ധമായി നബി(സ)തിരുമേനിക്ക് അല്ലാഹുവിൽനിന്ന് കല്പനകളൊന്നും ഇറങ്ങിയിരുന്നില്ല. കാത്തിരിക്കാൻ അവിടന്ന്

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു, 'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.' (മുസ്‌ലിം)***

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു: 'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

അവരോടു പറഞ്ഞു. അല്ലാഹുവിൽനിന്ന് എന്തൊരു കല്പനയാണോ ലഭിക്കുന്നത് അതനുസരിച്ച് വിധിയുണ്ടാകുമെന്നും അവരോടു പറഞ്ഞു. നബി(സ)തിരുമേനി അക്കാര്യത്തിലേക്ക് കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. അധികം കഴിഞ്ഞില്ല നബി(സ)തിരുമേനിക്ക് അനന്തരാവകാശത്തെ കുറിച്ച് ചില ആയത്തുകളിറങ്ങി. അത് വിശുദ്ധ ഖുർആനിലെ സൂറ നിസാഉൽ വിവരിക്കപ്പെട്ടിരിക്കുന്നു. അപ്പോൾ നബി(സ) തിരുമേനി സഅ്ദിന്റെ സഹോദരനെ വിളിച്ചു വരുത്തി. അദ്ദേഹത്തോടു പറഞ്ഞു: സഅ്ദിന്റെ സ്വത്തിൽനിന്ന് മൂന്നിൽരണ്ട് അംശം അദ്ദേഹത്തിന്റെ പെൺമക്കൾക്കും എട്ടിലൊന്ന് അദ്ദേഹത്തിന്റെ ഭാര്യയ്ക്കും നല്കുക. ബാക്കിയുളളത് താങ്കളും എടുത്തുകൊളളുക. ആ നേരം മുതൽ അനന്താരാവകാശ വിതരണ പദ്ധതിയെ സംബന്ധിച്ച് പുതിയ കല്പനകൾ നിലവിൽവന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മരിച്ചയാൾക്ക് പെൺകുട്ടികളെ ഉള്ളുവെങ്കിൽ അവർക്ക് സ്വത്തിന്റെ മൂന്നിൽ രണ്ടംശം (2/3) ആണ് ലഭിക്കുക. മരിച്ചവന് സന്താനങ്ങളുണ്ടെങ്കിൽ ഭാര്യയ്ക്ക് എട്ടിലൊരു അംശം(1/8) ആണ് ലഭിക്കുക. മരിച്ചവന് സന്താനമില്ലെങ്കിൽ ഭാര്യക്ക് നാലിലൊരു അംശം(1/4). പെൺകുട്ടികൾ തങ്ങളുടെ പിതാവിന്റെ അനന്തരാവകാശ സ്വത്തിൽ തന്റെ സഹോദരന്റെ അംശത്തെ അപേക്ഷിച്ച് പകുതിയുടേയും സഹോദരനില്ലെങ്കിൽ വിട്ടുംവെച്ചുപോയ മുഴുവൻ സ്വത്തിൽനിന്ന് അവസ്ഥകളുടെ വ്യത്യാസത്തോടുകൂടി മൂന്നിൽ രണ്ട് അല്ലെങ്കിൽ പകുതിയും(3/4, അല്ലെങ്കിൽ പകുതി, 2/3 അല്ലെങ്കിൽ പകുതി)മാതാവിന് തന്റെ മക്കൾവിട്ടുംവച്ചുപോയ സ്വത്തിൽനിന്ന് ആറിലൊരു അംശവും മക്കളില്ലാത്ത മകന്റെ സ്വത്തിൽ മൂന്നിലൊരു അംശത്തിനും അർഹത നല്കപ്പെട്ടിരിക്കുന്നു. ഇപ്രകാരംതന്നെ മറ്റു അനന്തരാവകാശങ്ങളുടെ ഭാഗവും നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) തുടർന്ന് ഒരു കുറിപ്പും എഴുതിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു, ഇവിടെ ഈ കുറിപ്പും അനാവശ്യമായിരിക്കുകയില്ല. നബി(സ)തിരുമേനിയുടെ അധ്യാപനത്തിന്റെ വേറിട്ട പ്രത്യേകതകളിൽ ഒരു പ്രത്യേകത ഇതാണ്, അവിടന്ന് സ്ത്രീകളുടെ അനന്തരാവകാശവകുപ്പുമായി ബന്ധപ്പെട്ട അനുവദനീയവും നിർബന്ധവുമായ എല്ലാ അവകാശങ്ങളും പൂർണമായും സംരക്ഷിച്ചു. എന്നല്ല ലോക ചരിത്രത്തിൽത്തന്നെ നബി(സ)തിരുമേനിക്ക് മുമ്പേയോ അല്ലെങ്കിൽ ആ മഹാത്മാവിനു ശേഷമോ സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിച്ച ഒരാളുമുണ്ടായിട്ടില്ല. അനന്തരാവകാശം, വിവാഹബന്ധങ്ങൾ, ഭാര്യഭർതൃ ബന്ധങ്ങൾ, വിവാഹമോചനം, വ്യക്തിപരമായ സ്വത്ത് സമ്പാദനത്തിനുള്ള അവകാശം, വ്യക്തിപരമായ സ്വത്ത് ഉപോയോഗിക്കുവാനുള്ള അവകാശം,വിദ്യാഭ്യാസത്തിനുള്ള അവകാശം,സന്താനങ്ങളുടെ മേൽനോട്ടവും ശിക്ഷണവും സംബന്ധമായ അവകാശം, സാമൂഹികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ പങ്കാളിയാകുവാനുള്ള അവകാശം, വ്യക്തിസ്വാതന്ത്ര്യത്തിനുള്ള അവകാശം, മതപരമായ അവകാശങ്ങളും ബാധ്യതകളും, മുതലായ സ്ത്രീകൾ ഇടപെടുന്ന മതപരവും ലൗകീകവുമായ എല്ലാ മേഖലകളുമായും ബന്ധപ്പെട്ട അനുവദനീയമായ എല്ലാ അവകാശങ്ങളും അംഗീകരിക്കുകയും അതു സംരക്ഷിക്കുകയും ചെയ്യുക എന്നത് ഈ ഉമ്മത്തിന്റെ മേൽ ഒരു പരിശുദ്ധമായ അമാനത്തും ബാധ്യതയുമായി നിശ്ചയിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് അറേബ്യയിലെ സ്ത്രീകൾ നബി(സ)തിരുമേനിയുടെനിയോഗം തങ്ങളുടെമോചനത്തിനുള്ള സന്ദേശമായിക്കരുതിയിരുന്നത്. അവിടന്ന് എഴുതുന്നു: എനിക്കെന്റെ വഴിയിൽനിന്ന് മാറേണ്ടിവരുന്നു. അതായത് പറഞ്ഞുകൊണ്ടിരിക്കുന്ന വിഷയത്തിൽനിന്ന് വ്യതിചലിക്കേണ്ടിവരുന്നു. ഞാനിതിന്റെ കൂടുതൽ വിശദീകരണം എഴുതുകയാണെങ്കിൽ മാറേണ്ടിവരും, ഇല്ലെങ്കിൽ (കാരണം ഇത് സ്ത്രീകളുടെ അവകാശത്തെ കുറിച്ചുള്ള വിഷയമല്ല അവതരിപ്പിക്കുന്നത്)സ്ത്രീകളുടെ കാര്യത്തിൽ അവിടത്തെ അധ്യാപനം യഥാർഥത്തിൽ ലോകത്തിലെ ഒരു മതത്തിനും ഒരു സംസ്കാരത്തിനും എത്താൻ കഴിയാത്ത ഉന്നത സ്ഥാനത്താണുള്ളതെന്ന് ഞാൻ പറയുമായിരുന്നു. തീർച്ചയായും നബി(സ)തിരുമേനിയുടെ ഈ വാക്കുകൾ ഗഹനമായ അർഥമുൾക്കൊള്ളുന്ന ഒന്നാണ്: *ഹുബ്ബിബ ഇലയ്യ മിൻദുൻയാക്കുമുന്നിസാഉ വത്ത്വീബു വ ജുയിലത്ത് ഖുർറത്തു അയ്നീ ഫിസ്സ്വലാത്തി* ഈ ലോകത്തുള്ള വസ്തുക്കളിൽ എനിക്കേറ്റവും പ്രിയങ്കരം സ്ത്രീയും സഗന്ധവുമാകുന്നു. എങ്കിലും എന്റെ കണ്ണിനു കുളിർമ നമസ്കാരം അഥവാ ആരാധനയാകുന്നു.' (സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 507–509)

ഇന്നത്തെ ലോകം സ്ത്രീകളുടെ അവകാശത്തെ കുറിച്ച് സംസാരിക്കുന്നുണ്ട്. ഉപരിപ്ലവമായ ചില കാര്യങ്ങൾ പൊക്കിപിടിച്ച്–അതിനാണെങ്കിൽ സ്വാതന്ത്ര്യവുമായി ഒരു ബന്ധവുമില്ലതാനും –പ്രത്യുത ഇസ്‌ലാം ഏർപെടുത്തിയിട്ടുള്ള നിയന്ത്രണം, അതും സ്ത്രീകളുടെ അന്തസ് സ്ഥാപിക്കാനും വീടുകളിൽ സമാധാനമുണ്ടാക്കാനും ഭാവിതലമുറയുടെ തർബിയ്യത്തിനും വേണ്ടി വെച്ചിട്ടുള്ളതാണ്. അവയിലാണ് ഇസ്‌ലാമിനുമേൽ ആക്ഷേപം ഉന്നയിക്കുന്നവർക്ക് ആക്ഷേപിക്കാനുള്ളത്. യഥാർഥത്തിൽ സ്ത്രീസ്വാതന്ത്ര്യവും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും ഇസ്‌ലാമികാധ്യാപനങ്ങൾതന്നെയാണ്. ലോകം ഈ യാഥാർഥ്യം മനസ്സിലാക്കിക്കൊണ്ട് മലീമസമായ പ്രവൃത്തികളിൽനിന്നും കലഹങ്ങളിൽനിന്നും രക്ഷപ്പെടാൻ അല്ലാഹു സഹായിക്കുമാറാകട്ടെ. നമ്മുടെ സ്ത്രീകളും ഈ യാഥാർഥ്യം മനസ്സിലാക്കുന്നവരാകട്ടെ. ഇസ്‌ലാം സ്ത്രീകൾക്കു നൽകിയ സ്ഥാനം മറ്റൊരു മതവും, സ്ത്രീശാക്തിക രണ സംഘടനകളെന്നു പേരുള്ള ഒരു സംഘടനകളും പദ്ധതികളും നല്കിയിട്ടില്ല. ഈ സമൂഹം സമാധാനപൂർണമായിത്തീരുന്നതിന് അല്ലാഹു പുരുഷന്മാർക്കും ഇസ്‌ലാമിക അധ്യാപനങ്ങളനുസരിച്ച് സ്ത്രീകളുടെ അവകാശങ്ങൾ നല്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഇനി ഞാൻ ഇപ്പോഴത്തെ അവസ്ഥയിൽ ദുആയിലേക്ക് ശ്രദ്ധ തിരിക്കുവാൻ ആഗ്രഹിക്കുകയാണ്. ദുആ ചെയ്യുക, കൊറോണ എന്ന മഹാമാരിയുടെ വിപത്തിൽനിന്നും ലോകത്തെ അല്ലാഹു മോചിപ്പിക്കുന്നതോടുകൂടെ മനുഷ്യർക്ക് അവരുടെ മോക്ഷം ഏകദൈവത്തിലേക്ക് കുനിയുന്നതിലും മറ്റുള്ളവരുടെ അവകാശങ്ങൾ നല്കുന്നതിലുമാണെന്ന് മനസ്സിലാക്കുവാനുള്ള ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. ഭരണകൂടങ്ങൾക്ക് നീതിയിലധിഷ്ഠിതമായി ഭരണം നടത്താൻ സാധിക്കുമാറാകട്ടെ. അമേരിക്കയിൽ ഇപ്പോൾ വ്യാപിച്ചിട്ടുള്ള അരക്ഷിതാവസ്ഥയുടെ ദുസ്സ്വാധീനത്തിൽനിന്ന് അഹ്മദികളെ അല്ലാഹു പ്രത്യേകമായും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാ പൗരന്മാരുടെയും അവകാശങ്ങൾ നീതിയിലധിഷ്ഠിതമായി നല്കിക്കൊണ്ടു മാത്രമേ ഒരുഭരണ വ്യവസ്ഥിതിക്ക് മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ എന്ന് ഭരണകൂടവും മനസ്സിലാക്കേണ്ടതാണ്. എത്ര വലിയ ശക്തമായ ഭരണകൂടമാണെങ്കിലും ശരി പൊതുജനങ്ങൾ അസ്വസ്ഥരാണെങ്കിൽ ഒരു ഭരണകൂടത്തിനും അവർക്കു മുമ്പിൽ നിലനില്ക്കാനാകില്ല. ലോകത്ത് എവിടെയെല്ലാം കലഹങ്ങളുണ്ടോ അതെല്ലാം അവസാനിക്കുമാറാകട്ടെ. ഭരണകൂടങ്ങൾക്ക് പൊതുജനങ്ങളുടെ അവകാശങ്ങൾ നല്കുവാൻ സാധിക്കുമാറാകട്ടെ. പൊതുജനങ്ങൾ അനുവദനീയമായ പരിധിയിൽനിന്നുകൊണ്ട് തങ്ങളുടെ അവകാശങ്ങൾക്കായി ഭരണകൂടത്തിന്റെമേൽ സമ്മർദ്ദം ചെലുത്തുന്നവരാകട്ടെ.

അതുപോലെതന്നെ പാക്കിസ്താൻ ഭരണകൂടവും ചിന്തിക്കേണ്ടതാണ്. മുല്ലാക്കളെ ഭയന്നുകൊണ്ട് ഇപ്പോൾ അഹ്മദികളുടെമേൽ വർധിച്ചുകൊണ്ടിരിക്കുന്ന അക്രമവും അതിക്രമവും ഉണ്ടാകരുത്. മറിച്ച് നീതിയോടെ ഭരണം നടത്തുക. ചരിത്രത്തിൽനിന്ന് പാഠം ഉൾക്കൊള്ളുക. ഇത്തരം പ്രവൃത്തികളിലൂടെ ഭരണം ദീർഘിപ്പിക്കാമെന്ന ചിന്ത ഉപേക്ഷിക്കുക. എന്നാൽ, ഈ അക്രമങ്ങളുടെ ഫലമായി ലോകത്ത് അഹ്മദിയ്യത്ത് മുമ്പേയുള്ളതിനെക്കാളുപരി അഭിവൃദ്ധി പ്രാപിച്ചു വരികയാണ്, ഭാവിയിലും ഇൻശാ അല്ലാഹ് അപ്രകാരം ഉണ്ടായിക്കൊണ്ടിരിക്കും. ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാകുന്നു. ഇതിനെ തടയാൻ ആർക്കുമാവില്ല. ഏതായിരുന്നാലും നമ്മുടെ ദുആ ഇതാണ്; അല്ലാഹു എല്ലായിടത്തുനിന്നും കുഴപ്പവും അശാന്തിയും അകറ്റുമാറാകട്ടെ. ഇപ്പോൾ വ്യാപിച്ചിരിക്കുന്ന മഹാമാരിയിൽനിന്ന് മനുഷ്യന് പാഠമുൾക്കൊണ്ടുകൊണ്ട് തങ്ങളുടെ അവസ്ഥകളിൽ മാറ്റം വരുത്തുവാൻ സാധിക്കുമാറാകട്ടെ. അഹ്മദികൾക്ക് മുമ്പേയുള്ളതിനെക്കാളുപരി അല്ലാഹുവിനെ ആരാധിക്കുവാനും അവന്റെ ദാസന്മാരോടുള്ള കടമകളും നിറവേറ്റാനും സാധിക്കുമാറാകട്ടെ, അങ്ങനെ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവരാകട്ടെ. അഹമദിയ്യത്തിന്റെ വളർച്ച നേരിൽ കാണുവാനുള്ള സൗഭാഗ്യമുണ്ടാകട്ടെ.(ആമീൻ)

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**(പേജ് 1ൽനിന്ന്)**

ണ് കല്ല്. മറ്റുള്ള എല്ലാ മതങ്ങളും അവരുടെ നോട്ടത്തിൽ ആണത്തമില്ലാത്തതാണ്. ഹിന്ദുക്കളും ക്രിസ്ത്യാനികളായി ഇസ്‌ലാമിനെ ഖണ്ഡിച്ച് ഗ്രന്ഥങ്ങളെഴുതുന്നു. റാം ചന്ദറും റാക്കുർദാസും ഇസ്‌ലാമിന്നെതിരിൽ തങ്ങളുടെ എല്ലാ ശക്തിയും പ്രയോഗിച്ച് ഗ്രന്ഥങ്ങളെഴുതിയിരിക്കുന്നു. കാര്യമെന്താണെന്നാൽ അവരുടെ നാശം ഇസ്‌ലാം മുഖേനയായിരിക്കുമെന്നാണ് അവരുടെ മനസ്സാക്ഷിയും പറയുന്നത്. ആരുമുഖേനയാണോ നാശമുണ്ടാകുന്നത് അവരെയാണ് സ്വാഭാവികമായും ഭയപ്പെടുക. ഒരു കോഴിക്കുഞ്ഞ് പൂച്ചയെ കണ്ടുടനെ ചിലയ്ക്കാൻ തുടങ്ങുന്നു. ഇപ്രകാരം വിവിധ മതാനുയായികൾ പൊതുവേയും ക്രിസ്ത്യാനികൾ പ്രത്യേകിച്ചും ഇസ്‌ലാമിന്നെതിരിലുള്ള ഖണ്ഡനത്തിൽ ശക്തി ചെലുത്തുന്നത്, അവരുടെ ഉള്ളിന്റെ ഉള്ള്, എല്ലാ നിരർഥമതങ്ങളേയും ധൂളീകരിക്കുന്ന ഒരേയൊരുമതം ഇസ്‌ലാം മാത്രമാണെന്നാണ് പറയുന്നതുകൊണ്ടാണ്. (മൽഫൂദാത്ത് വാല്യം 1 പേജ് 158–160, 2018 ഖാദിയാൻ)

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

(തുടർച്ച...)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2018 നവംബർ 04, ഞായറാഴ്ച:

**(തുടർച്ച....)** ഹുദൂറിന്റെ നിർദേശപ്രകാരം മുഹാസിബ് സാഹിബ് പറഞ്ഞു: ഞാൻ എല്ലാ സ്റ്റേറ്റുമെന്റും തയ്യാറാക്കി സെക്രട്ടറി മാലിന് കൊടുക്കുന്നു.

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് യു.എസ്.എ നാഷണൽ മജ്‌ലിസെ ആമില**

ഹുദൂർ അൻവർ അന്വേഷിച്ചതനുസരിച്ച് അമീൻ പറഞ്ഞു: ബാങ്കുകളുമായി ബന്ധപ്പെട്ടുള്ള ഇടപാടുകൾ ഞാനാണ് നോക്കുന്നത്. വരവുചെലവുകളുടെ റിപ്പോർട്ടുകൾ അനുസരിച്ചുള്ള തുക ബാങ്കിൽ നിന്നുമെടുക്കുന്നു.

ഇന്റേർണൽ ഓഡിറ്റർ ഹുസൂർ ചോദിച്ചപ്പോൾ പറഞ്ഞു: മൂന്നു മാസം കൂടുമ്പോൾ ഒരു പ്രാവശ്യം ഓഡിറ്റ് നടത്തിവരുന്നുണ്ട്. ഇതിൽ വരവുചെലവുകൾ, രസീതുകൾ തുടങ്ങിയവ പരിശോധിക്കുന്നു.

ഹുദൂർ അൻവർ: ഏതെങ്കിലും വകുപ്പ് അവർക്ക് നിർദേശിക്കപ്പെട്ടിരിക്കുന്ന ബഡ്ജറ്റിനെക്കാൾ കൂടുതൽ ചെലവഴിച്ചാൽ നിങ്ങളെന്താണ് ചെയ്യുന്നത്?

ഇന്റേർണൽ ഓഡിറ്റർ: യഥാർഥ അർഥത്തിലാണോ ചെലവഴിച്ചതെന്ന് നോക്കുന്നു. അങ്ങനെയാണെങ്കിൽ അതിനെ ശരിവെക്കുന്നു.

ഹുദൂർ അൻവർ: കൂടുതൽ ചെലവഴിക്കാനുള്ള അനുവാദം നിങ്ങൾക്ക് നല്കാൻ കഴിയില്ല. ഏതെങ്കിലും വകുപ്പ് തങ്ങൾക്ക് നിർദേശിക്കപ്പെട്ടിട്ടുള്ള പരിധിയെക്കാൾ കൂടുതൽ ചെലവഴിച്ചിട്ടുണ്ടെങ്കിൽ അത് അമീർ സാഹിബിനെ അറിയിക്കേണ്ട ഉത്തരവാദിത്വം താങ്കൾക്കുണ്ട്. അദ്ദേഹം തുടർന്ന് ഇത് ആമിലയിൽ വെക്കുന്നതിനാണ് ഇങ്ങനെ ചെയ്യുന്നത്. അത് ആമില ശിപാർശ ചെയ്ത് മർക്കസിലേക്കു അയക്കേണ്ടതാണ്. പിന്നീട് മർക്കസിൽ നിന്നുള്ള വ്യക്തമായ തീരുമാനം ലഭിച്ചതിനുശേഷം മാത്രമേ ഇത് ചെലവഴിക്കാൻ പാടുള്ളൂ. ഇന്റേർണൽ ഓഡിറ്റർ എന്ന നിലയിൽ കൃത്യമായ പരിശോധന നടത്തേണ്ടതാണ്. നിശ്ചിത ബഡ്ജറ്റിനെക്കാൾ കൂടുതൽ ഏതെങ്കിലും വകുപ്പ് എടുത്തിട്ടുണ്ടെന്നു കാണുകയാണെങ്കിൽ നിങ്ങളത് തടഞ്ഞു വെക്കേണ്ടതാണ്. ബഡ്ജറ്റിനെക്കാൾ കൂടുതൽ ചെലവഴിക്കാനുള്ള അനുവാദം നൽകാൻ താങ്കൾക്ക് അനുവാദമില്ല.

ഹുദൂർ അൻവർ: ഇന്റേർണൽ ഓഡിറ്ററിന്റെ കടമകൾ വളരെ വിശാലവും സുപ്രധാനവുമാണ്. എല്ലാ ചെലവുകളെ സംബന്ധിച്ചും അത് അംഗീകാരം ലഭിച്ചതാണോ എന്ന് നോക്കേണ്ടത് താങ്കളുടെ നിർബന്ധ കടമയാണ്. അംഗീകൃത ബഡ്ജറ്റനുസരിച്ചല്ല നടക്കുന്നതെങ്കിൽ അക്കാര്യം ഉടനെ അമീർ സാഹിബിനെ അറിയിക്കേണ്ടതാണ്.

നാഇബ് അമീർ ഡോക്ടർ ഹമീദുറഹ്മാൻ സാഹിബ്: 2013–ൽ ഹുദൂർ അൻവർ ലോസ് ഏഞ്ചലസ് സന്ദർശിച്ചിരുന്നു. സ്പാനിഷ് ജനങ്ങളുടെ ഇടയിൽ തബ്‌ലീഗ് ചെയ്യാൻ ആഹ്വാനം ചെയ്തിരുന്നു. ഇതിനു ശേഷം അവിടെ വളരെയധികം പ്രവർത്തനങ്ങൾ നടന്നു. 31 ബയ്അത്തുകൾ നടന്നു. അവിടെ ചർച്ചിന്റെ ഒരു ബിൽഡിംഗും നമ്മൾ വാങ്ങി. ഇതിനോടനുബന്ധിച്ച് 26 വാഹനങ്ങൾ പാർക്കു ചെയ്യാനുള്ള സ്ഥലവുമുണ്ട്. ഈ പ്രൊജക്റ്റിന്റെ വിജയത്തിനുവേണ്ടി ഹുദൂറിനോടു ദുആക്കപേക്ഷിക്കുകയാണ്.

ഹുദൂർ ചോദിച്ചപ്പോൾ നാഇബ് അമീർ സാഹിബ് പറഞ്ഞു: 3800ചതുരശ്ര അടി വിസ്തീർണമുണ്ട്. ഒന്നിൽ പുരാതന ചർച്ചുമുണ്ട്. ഇത് 1800 ചതുരശ്ര അടിയാണ്. ഇതിന്റെ രണ്ടാമത്തെ ഭാഗം പുതുതായി നിർമിച്ചതാണ്. ഇതിൽ ഒരു സ്കൂളുമുണ്ട്. ഇതിന് ഒമ്പതര ലക്ഷം ഡോളർ ചെലവായി. അതിൽ കുറച്ചു ഭാഗം മർക്കസിൽനിന്നു ഞങ്ങൾ കടമായി വാങ്ങിയതാണ്. ബാക്കി ഞങ്ങൾതന്നെ നല്കി. ഇൻശാ അല്ലാഹ് മർക്കസിൽനിന്നു വാങ്ങിയ കടം പെട്ടെന്നുതന്നെ തിരിച്ചടക്കുന്നതാണ്.

നാഇബ് അമീർ ഹുദൂർ അൻവർ ചോദിച്ചപ്പോൾ പറഞ്ഞു: കെട്ടിടത്തിനു ഒരു നിലയേ ഉള്ളൂ. എന്നാൽ, ഞങ്ങൾ രണ്ടാമത്തെ നില പണിയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. അനുവാദം കിട്ടിയാൽ രണ്ടാം നിലയും നിർമിക്കാൻ കഴിയും.

ഹുദൂർ അൻവർ: നിങ്ങൾ സ്ട്രക്ചറൽ എഞ്ചിനിയറോട് ആദ്യം ചോദിക്കുക. താഴത്തെ നിലക്ക് മുകളിലത്തെ നിലയുടെ ഭാരം താങ്ങാൻ കഴിയുമോ എന്ന്. നാഷണൽ മജ്‌ലിസെ ആമിലയുടെ ഹുദൂറുമൊത്തുള്ള ഈ മീറ്റിംഗ് 9.00 മണിവരെ തുടർന്നു.

**ആമീൻപരിപാടി.**

ശേഷം ഹുദൂർ മസ്ജിദ് ബയ്ത്തുർറഹ്മാനിലെത്തി 28 കുട്ടികൾ പങ്കെടുത്ത ആമീൻ പരിപാടിക്ക് തുടക്കം കുറിച്ചു. വിശുദ്ധ ഖുർആനിന്റെ ഓരോരോ ആയത്ത് ഓരോരുത്തരിൽനിന്നും കേട്ടു. ഒടുവിൽ ദുആയും ചെയ്തു. അവരുടെ പേര് ചുവടെ ചേർക്കുന്നു.

1.അസീസ് അനൂശ് രിള്‌വാൻ (ജമാഅത്ത് സെൻട്രൽ വെർജീനിയ) 2.അസീസ് മീരാബ് സയീദ്(ജമാഅത്ത് സെൻട്രൽ വെർജീനിയ) 3. അസീസ സോഹാ അഹ്മദ് (ജമാഅത്ത് സെൻട്രൽ വെർജീനിയ) 4.അസീസ ഈമാൻ ഫിർദൗസ് അഹ്മദ്. (ജമാഅത്ത് സെൻട്രൽ വെർജീനിയ) 5.അസീസ് ശായാൻ ഖാൻ (ജമാഅത്ത് സെൻട്രൽ വെർജീനിയ) 6.അസീസ് സയ്ദ് അഹ്മദ് ഖാൻ (LA East A ജമാഅത്ത്) 7.അസീസ് അയാൻ വഖാസ് (Lehigh Valley ജമാഅത്ത്) 8.അസീസ് അസാൻ എൻ ചൗദ്രി (Lehigh Valley ജമാഅത്ത്) 9.അസീസ ആസ്വിമ അത്ഹർ (ലോംഗ് ഐലന്റ് ന്യൂയോർക്ക് ജമാഅത്ത്) 10.അസീസ നീന ആലീസ അഹ്മദ്(മൽവാക്കി ജമാഅത്ത്) 11.അസീസ് അനൂശ് അഹ്മദ് (ന്യൂയോർക്ക് ജമാഅത്ത്) 12.അസീസ് ഔസാഫ് തഫ്ഹീം അഹ്മദ്(നോർത്ത് ജേഴ്സി ജമാഅത്ത്) 13.അസീസ് അദീൽ അഹ്മദ്(നോർത്ത് വെർജീനിയ ജമാഅത്ത്) 14.അസീസ അൻഅം അഹ്മദ് (നോർത്ത് വെർജീനിയ ജമാഅത്ത്) 15. അസീസ് ഫാറാൻ സാമി ജദ്റാൻ (നോർത്ത് വെർജീനിയ ജമാഅത്ത്) 16. അസീസ മാഹാ ഖാൻ(നോർത്ത് വെർജീനിയ ജമാഅത്ത്) 17.അസീസ് റയ്ഹാൻ വാഇറ്റ്(നോർത്ത് വെർജീനിയ ജമാഅത്ത്) 18.അസീസ് സഅ്ദ് രാജ(നോർത്ത് വെർജീനിയ ജമാഅത്ത്) 19. അസീസ ഖയ്സ്വാ അഹ്മദ് (Queens NY ജമാഅത്ത്) 20.അസീസ സെറാഫിന അദാഹുസയ്ൻ (WA സെറ്റൽ ജമാഅത്ത്) 21.അസീസ് റാഫേല് ഭട്ടി(സിലിൽവർ സ്പ്രിംഗ് MD ജമാഅത്ത്) 22.അസീസ നൂരിയ അഹ്മദ്(വാഷിംഗ്ടൺ ഡീസി ജമാഅത്ത്) 23.അസീസ് അബ്ദുല്ലാഹ് റളാ സുൽത്വാൻ (ഹാരിസ് ബർഗ്/യാർക്ക് ജമാഅത്ത്) 24. അസീസ സവിയാ ആലിയാ മഹ്മൂദ്(ബ്രാൻകസ്, ന്യൂയോർക്ക് ജമാഅത്ത്) 25.അസീസ് ആശിർ ഹമീദ്(കനഡ ജമാഅത്ത്) 26.അസീസ് അത്വാഉൽകരീം ജൂഇയ(കനഡ ജമാഅത്ത്) 27. അസീസ ബാസിമം ബുശ്റാ ഇബ്റാഹീം (കനഡ ജമാഅത്ത്) 28.അസീസ് ഫൈസാൻ ഖാൻ (കനഡ ജമാഅത്ത്)

ആമീൻ പരിപാടിക്ക് ശേഷം ഹുദൂർ അയ്യദഹുല്ലാഹ് മഗ്‌രിബ്–ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

ഹുദൂർ അൻവറിന്റെ അമേരിക്ക, ഗ്വാട്ടിമാല സന്ദർശന വാർത്ത ഇലക്ട്രോണിക്, പ്രിന്റ് മീഡിയ, സോഷ്യൽ മീഡിയ വഴി മില്യൺ കണക്കണക്കിന് ജനങ്ങളിലേക്ക് വ്യാപിക്കുകയുണ്ടായി. ഈ വാർത്തകളുടെ സാരാംശം ചുവടെ ചേർക്കുന്നതുപോലെയായിരുന്നു.

☆ സന്ദർശന വേളയിൽ 4 സ്ഥലങ്ങളിൽ പ്രസ് കോൺഫ്രൻസ് നടന്നു.

1. ഫിലാഡൽഫിയാ–മസ്ജിദ് ബയ്ത്തുൽ ആഫിയയുടെ ഉൽഘാടന വേളയിൽ 2. ബാൾട്ടിമൂർ–മസ്ജിദ് ബൈയ്ത്തുസ്സമദിന്റെ ഉൽഘാടന വേളയിൽ 3. ഗ്വാട്ടിമാല –നാസ്വിർ ഹോസ്പിറ്റലിന്റെ ഉൽഘാടന വേളയിൽ 4. സൗത്ത് വെർജീനിയാ –മസ്ജിദ് മസ്റൂറിന്റെ ഉൽഘാടന വേളയിൽ.

☆ റിവ്യൂ ഓഫ് റിലീജ്യൺസ് മുഖേനയും വിപുലമായ രീതിയിൽ മീഡിയാ കവറേജ് നടന്നു.

☆ നാസ്വിർ ഹോസ്പിറ്റലിന്റെ ഉൽഘാടനത്തോടനുബന്ധിച്ച് ഹുദൂർ അൻവർ റിവ്യൂ ഓഫ് റിലീജ്യൺസിന്റെ സ്പാനിഷ് എഡിഷനും വെബ്സൈറ്റും ഉൽഘാടനം ചെയ്തു.

☆ ഇത് വിഷയകമായി ഇംഗ്ലീഷിനോടൊപ്പം സ്പാനിഷും സോഷ്യൽ മീഡിയായിൽ പോസ്റ്റ് ചെയ്തുകൊണ്ടിരുന്നു. ഇതിൽ ഫേസ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം, വെബ്സൈറ്റ് ആർട്ടിക്കിൾ യൂ ട്യൂബ് തുടങ്ങിയവയും ഉൾപ്പെടുന്നു. ഈ പോസ്റ്റുകൾ ആറുലക്ഷത്തി മുപ്പത്തിയേഴായിരത്തിലധികം ആളുകൾ ദർശിക്കുകയുണ്ടായി.

☆ സന്ദർശനം സംബന്ധിച്ച് റിവ്യൂ ഓഫ് റിലീജ്യൺസിന്റെ ഇംഗ്ലീഷ് ടീം രണ്ടും മൂന്നും മിനിറ്റ് നീണ്ടു നിൽക്കുന്ന ചെറിയ ഡോക്ക്മെന്ററികൾ അപ്‌ലോഡ് ചെയ്തു കൊണ്ടിരുന്നു. ഇവ ലക്ഷത്തിലധികം ആളുകൾ ദർശിക്കുകയുണ്ടായി.

☆ഇതുകൂടാതെ ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങളെ സംബന്ധിച്ചും കവറേജുണ്ടായി.

☆ഒരു കണക്കനുസരിച്ച് ഇംഗ്ലീഷ് സ്പാനിഷ്

**ഹദീഥുന്നബ്‌വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

സോഷ്യൽ മീഡിയ വഴി ചെയ്യപ്പെട്ട പോസ്റ്റുകൾ 1.86 മില്യണിലധികം പേര് ദർശിക്കുയുണ്ടായി.

നാസിർ ഹോസ്പിറ്റലിന്റെ ഉൽഘാടനവുമായി ബന്ധപ്പെട്ടും വിപുലമായ രീതിയിൽ മീഡിയാ കവറേജുണ്ടായി.

☆ഗ്വാട്ടിമാലയിലെ ദേശീയ പത്രമായ-നിത്യവും ഒരു ലക്ഷത്തി മുപ്പത്തിനാലായിരം പ്രതികളുള്ള, 4 മില്യണിലധികം വായനക്കാരുള്ള പ്രെൻസ ലൈബർ(Prensa Liber) 2018 ഒക്ടോബർ 24ന് പ്രസിദ്ധീകരിച്ച അതിന്റെ പതിപ്പിൽ മുഖപ്പേജിൽ നാസിർ ഹോസ്പിറ്റലിന്റെ വലിയ ഫോട്ടോ പ്രസിദ്ധീകരിച്ചു. ഉൽഘാടനസംബന്ധമായ റിപ്പോർട്ടും നല്കി.

☆ ഇതേ പത്രം പ്രെൻസ ലൈബർ(Prensa Liber)ന്റെ ഒരു കോളമിസ്റ്റായ സാമുവൽ റേയസ് ഗോമസിന്റെ(Samuel Reyes Gomez) നാസിർ ഹോസ്പിറ്റലിനെ കുറിച്ചുള്ള വിശദമായ റിപ്പോർട്ടും നല്കുകയുണ്ടായി.

☆ദേശീയ പത്രമായ ഇ എൽ പെരിയോഡിക്കോ(EL Periodico)യും റിപ്പോർട്ട് നല്കി.

☆ദേശീയ ടീ.വിയായ ഗ്വാട്ടെ വിഷൻ(Guatevision) ഹുദൂർ അൻവറിനേയും നാസിർ ഹോസ്പിറ്റലിനേയും പരിചയപ്പെടുത്തുന്ന വാർത്ത നല്കി.

☆ദേശീയ റേഡിയോ ചാനലായ റേഡിയോസ് എമിസോറാസ് ഉനിഡാസ്(Radios Emisoras Unidas) ഉൽഘാടനവുമായി ബന്ധപ്പെട്ട് വാർത്ത നല്കി.

☆ഇതിന്റെ അടിസ്ഥാനത്തിൽ ഒരു കണക്കനുസരിച്ച് ലാറ്റിൻ അമേരിക്കയുടെ വിവിധ രാജ്യങ്ങളിലെ പ്രിന്റ് മീഡിയ, പത്രങ്ങൾ, ടീ വി ചാനലുകൾ മുഖേന ഏകദേശം 32 മില്യൺ ജനങ്ങളിലേക്ക് നാസിർ ഹോസ്പിറ്റലിന്റെ ഉൽഘാടന വാർത്ത എത്തുകയുണ്ടായി.

☆ ഇതു കൂടാതെ സോഷ്യൽമീഡിയ, ട്വിറ്റർ, ഇൻസ്റ്റാഗ്രാം, യൂട്യൂബ് മുഖേന 23 ലക്ഷം ജനങ്ങളിലേക്ക് നാസിർ ഹോസ്പിറ്റലിന്റെ ഉൽഘാടന വാർത്ത എത്തി.

☆ എം.ടി.എ സോഷ്യൽ മീഡിയ ടീമിന്റെ ഭാഗത്തുനിന്ന് ഗ്വാട്ടിമാല, അമേരിക്ക സന്ദർശനം കവറേജ് ചെയ്യപ്പെട്ടു. എം.ടി.എ സോഷ്യൽമീഡിയ ടീമിന്റെ റിപ്പോർട്ടനുസരിച്ച് വിവിധ പ്ലാറ്റുഫോമിലൂടെ ഹുദൂറിന്റെ ഈ അനുഗൃഹീത സന്ദർശനത്ത കുറിച്ച് 18ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി 910 ആളുകൾവരെ വാർത്ത എത്തി.

☆ഈ കവറേജിൽ 4 ലക്ഷത്തി തൊണ്ണൂറ്റഞ്ചായിരത്തിലധികം പുതിയ പ്രേക്ഷകരുമുണ്ടായിരുന്നു.

യു.എസ്.എ മീഡിയാ ടീമിന്റെ ഭാഗത്തുനിന്ന് സന്ദർശനവുമായി ബന്ധപ്പെട്ട് കവറേജ് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടന്നു. ടി.വി മുഖേന അമേരിക്കയിൽ ആകെ 28 ലക്ഷത്തി അറുപത്തി ഒമ്പതിനായിരത്തിലധികം ആളുകളിലേക്ക് ഇസ് ലാമിന്റെ സന്ദേശമെത്തി. റേഡിയോ പ്രോഗ്രാമുകൾ മുഖേന ആകെ 53 ലക്ഷത്തി തൊണ്ണൂറ്റെട്ടായിരത്തിലധികം ആളുകളിലേക്ക് സന്ദേശമെത്തി.

ഡിജിറ്റൽ ഫോറങ്ങൾ, വെബ്സൈറ്റുകൾ, സോഷ്യൽമീഡിയ മറ്റും വഴിയായി ഏകദേശം 20 ലക്ഷം ആളുകളിലേക്ക് സന്ദേശമെത്തി.

വിവിധ പത്രങ്ങൾ, മാസികകൾ ഹുദൂർ അൻവറിന്റെ സന്ദർശനവുമായി ബന്ധപ്പെട്ട് ആകെ 46 ആർട്ടിക്കുകൾ പ്രസിദ്ധീകരിച്ചു. ഇവയിൽ പ്രസിദ്ധമായ പത്രങ്ങൾ ചുവടെ ചേർക്കുന്നു.

ബാൾട്ടിമൂർ സൺ(Baltimore Sun), ഫിലാഡെൽഫിയ ഇൻക്വയറർ(Philadelphia Inquirer), റിലീജ്യൺ ന്യൂസ് സർവീസ്.(Religion News Service), ഹ്യൂസ്റ്റൺ ക്രോണിക്കൾ(houston Chronicle)

ഈ മാർഗങ്ങൾ മുഖേന അമേരിക്കയിൽ ആകെ 10 മില്യണിലധികം ആളുകളിലേക്ക് സന്ദേശമെത്തി. അൽ ഇസ്‌ലാം സൈറ്റ് മുഖേന സന്ദർശനത്തിന്റെ കവറേജ് ഉണ്ടായി. ഫേസ് ബുക്ക് മുഖേന ആകെ 16 ലക്ഷം ആളു കളിലേക്ക് സന്ദേശമെത്തി.

വിവിധ വീഡിയോകൾ മുഖേന ആകെ 4 ലക്ഷത്തി അമ്പതിനായിരം വ്യക്തികളിലേക്ക് സന്ദേശമെത്തി. ട്വിറ്റർ മുഖേന ആകെ 7 ലക്ഷത്തി മുപ്പത്തിയെട്ടായിരം ആളുകളിലേക്ക് സന്ദേശമെത്തി.

ഇപ്രകാരം ഹുദൂർ അൻവറിന്റെ ഈ ഇരുരാഷ്ട്ര സന്ദർശനം ഏകദേശം 40 ലക്ഷം ആളുകളിലേക്ക് വെബ്സൈറ്റ്, സോഷ്യൽമീഡിയ മുഖേന എത്തി. ഹുദൂർ അൻവറിന്റെ അമേരിക്കൻ സന്ദർശനം എം.ടി.എ ആഫ്രിക്ക മുഖേന ആഫ്രിക്കയിലെ ടീ വി, റേഡിയോ, ഇതര ഇലക്ട്രോണിക്, പ്രിന്റ് ആന്റ് മീഡിയ മുഖേന വിപുലമായ തീതിയിൽ കവറേജ് ചെയ്യപ്പെട്ടു. ഇതിൽ താഴെ പറയുന്ന ചാനലുകൾ പങ്കാളികളായി.

ഘാന നാഷണൽ ടി.വി,സിയറാ ലിയോൺ നാഷണൽ ടി.വി, AYVനാഷണൽ ടി.വി സിയറാ ലിയോൺ,ഫ്രീ ടൗൺ ടെലിവിഷൻ, സിയറാ ലിയോൺ,നാഷണൽ ടി.വി. യുഗാണ്ട, ബി.ബി.എസ്, നാഷണൽ ടെലിവിഷൻ, ഗാംബിയ,എം.ഐ ടി.വി നൈജീരിയ, നാഷണൽ ടി.വി സൈൻപീസ്, ഘാന, ഘാന നാഷണൽ റേഡിയോ, ഘാന ന്യൂസ് ഏജൻസി ഓൺലൈൻ, റുവാണ്ട നാഷണൽ ടി.വി, ബി.ടീ.എൻ,ബുർക്കിനോ ഫാസോ ടി.വി-3, ഇന്റിപെൻഡന്റ് ന്യൂസ് പേപ്പർ, നൈജീരിയ.

ഇവ മുഖേന ഏകദേശം 10 മില്യണിലധികം ആളുകളിലേക്ക് സംപ്രേഷണങ്ങളും വാർത്തകളും എത്തിക്കൊണ്ടിരുന്നു.

## 2018 നവംബർ 05 തിങ്കളാഴ്ച

രാവിലെ 5.40-ന് ഹുദൂർ അൻവർ മസ്ജിദ് ബയ്ത്തുർറഹ്മാനിലെത്തി ഫജ്ർ നമസ്കാരത്തിനു നേതൃത്വം നല്കി. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ അൻവർ ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ മുഴുകി. ഓഫീസ് സംബന്ധമായ കത്തുകൾ, ഇതര കത്തുകൾ, റിപ്പോർട്ടുകൾ പരിശോധിച്ചു. ആവശ്യമായ നിർദേശങ്ങൾ നല്കി. ഉച്ച കഴിഞ്ഞ് 1.30-ന് ബയ്ത്തുറഹ്മാനിലെത്തിയ ഹുദൂർ അൻവർ വിവിധ വകുപ്പുകളിൽ പ്രവൃത്തിക്കുന്ന വ്യക്തികളോടൊപ്പം താഴെ പറയുന്ന 28 വിഭാഗങ്ങളോടൊപ്പം ക്രമമായി ഫോട്ടോ എടുത്തു.

പ്രത്യേക സെക്യൂരിറ്റി വിഭാഗം, യു.എസ്.എ-നാഷണൽ മജ്‌ലിസെ ആമില അംഗങ്ങൾ, യു.എസ്.എ മുബല്ലിഗുമാർ, പൊതു ആതിഥേയ വിഭാഗത്തിലെ പ്രവർത്തകർ, ആതിഥേയ വിഭാഗത്തിലെ അംഗങ്ങൾ, മുലാഖാത്ത് വിഭാഗം, സന്ദർശന പ്രോഗ്രാം ഓർഗനൈസ് ചെയ്തവർ, ഖിദ്മത്തെ ഖൽഖ് വിഭാഗം, തഅ്‌ലീമുൽ ഖുർആൻ വഖ്ഫെ ആർസി വിഭാഗം,(ആമീൻ പരിപാടികൾ ഓർഗനൈസ് ചെയ്തവർ, താമസസൗകര്യം എർപാടു ചെയ്യുന്ന വിഭാഗം, പാർക്കിംഗ്, ട്രാഫിക് കൺട്രോൾ വിഭാഗം, സ്റ്റാഫ്, മസ്ജിദ് ബയ്ത്തുർറഹ്മാൻ സംവിധാനം, ഓഡിയോ വീഡിയോ സെക്ഷൻ(ലോക്കൽ), ഖുദ്ദാമുൽ അഹ്മദിയ്യാ യു.എസ്.എ മജ്‌ലിസെ ആമില, ഖളാ വിഭാഗം, ഉമൂറെ ഖാരിജ വിഭാഗം, വഖ്ഫെ ആർസിയിൽ പങ്കെടുത്ത അത്ഫാലുൽ അഹ്മദിയ്യാ സംഘം. ഇവർക്ക് ഹുദൂർ അൻവർ വാത്സല്യപൂർവം ഓരോ പേനയും നല്കി. മീഡിയാ ടീം, ഉമൂറെ ആമ വിഭാഗം, കനഡ ജാമിഅ അഹ്മദിയ്യാ അധ്യാപകരും വിദ്യാർഥികളും, കനഡ ജമാഅത്ത് മുബല്ലിഗുമാർ, എം.ടി.എ ടെലി പോർട്ട് യു.എസ്.എ സ്റ്റാഫ്, ട്രാൻസ്പോർട്ട് ഖാഫില വിഭാഗം, ഫോട്ടോ ഗ്രാഫേഴ്സ് വിഭാഗം, ജാഇദാദ് വിഭാഗം, സെക്യൂരിറ്റി വിഭാഗം.(പുറത്ത് ഡ്യൂട്ടികൾ ചെയ്തിരുന്ന ഖുദ്ദാം).

എം.ടി.എ ഇന്റർനാഷണൽ ലണ്ടൻ(എം.ടി.എ യുടെ കേന്ദ്ര ടീം, ഈ സന്ദർശനത്തിന്റെ സമ്പൂർണ കവറേജ് ചെയ്തു.

ഈ ഫോട്ടോ എടുക്കൽ പരിപാടിക്കുശേഷം ഹുദൂർ അൻവർ മസ്ജിദ് ബയ്ത്തുർറഹ്മാനിൽ ളുഹ്ർ-അസ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.ശേഷം താമസ സ്ഥലത്തേക്ക് മടങ്ങി. വൈകുന്നേരവും വിവിധ പ്രവർത്തനങ്ങളിൽ മുഴുകിയ ഹുദൂർ അൻവർ 6.00മണിക്ക് മസ്ജിദ് ബയ്ത്തുർറഹ്മാനിൽ മഗ്‌രിബ്- ഇശാ ജംആക്കി നമസ്കരിപ്പിച്ചു.

ഹുദൂർ അൻവറിന്റെ സന്ദർശനത്തിന്റെ അവസാന ദിവസമായ ഇന്ന് വൈകുന്നേരം ലണ്ടനിലേക്കുള്ള മടക്ക ദിവസമായിരുന്നു. ഹുദൂർ അൻവറിനെ യാത്രയയക്കാൻ ഉച്ചമുതൽതന്നെ മസ്ജിദിന്റെ അങ്കണത്തിൽ വിവിധ ജമാഅത്തംഗങ്ങൾ തടിച്ചുകൂടാൻ തുടങ്ങിയിരുന്നു.

**അമേരിക്കയിൽ നിന്ന് ലണ്ടനിലേക്ക്.**

7.40-ന് ഹുദൂർ അൻവർ താമസ സ്ഥലത്തുനിന്ന് പുറത്തു വന്നു. ഹുദൂർ അൻവറിന്റെ അനുഗൃഹീത മുഖം ദർശിച്ചതും ജമാഅത്ത് സ്നേഹിതന്മാർ വളരെ ആവേശത്തോടെ കൈകളുയർത്തി മുദ്രാ വാക്യങ്ങൾ മുഴക്കാൻ തുടങ്ങി. സ്ത്രീകൾ അവരുടെ കൈകൾ വീശി ഹുദൂർ അൻവറിന് യാത്രയയപ്പ് നല്കുന്നുണ്ടായിരുന്നു. പെൺ കുട്ടികൾ കോറസായി യാത്രയയപ്പ് ഗാനങ്ങൾ ആലപിച്ചു കൊണ്ടിരുന്നു.

ഹുദൂർ അൻവർ വാത്സല്യപൂർവം ജമാഅത്ത് സഹോദരങ്ങളുടെ അടുക്കലേക്ക് വരികയും കുറച്ച് സമയം അവരുടെയിടയിൽ നിലകൊള്ളുകയും ചെയ്തുശേഷം ദുആക്ക് നേതൃത്വം നല്കി. ഈ വേളയിൽ വിതുമ്പലുകളുടെ ദൃശ്യങ്ങൾ കാണാമായിരുന്നു. കുട്ടികളുടെ മുഖങ്ങളിൽപോലും കണ്ണുനീർ കാണാമായിരുന്നു. എല്ലാവരും ദുഖിതരായിരുന്നു. ഹുദൂർ അൻവറിന്റെ വാഹനം മസ്ജിദ് ബയ്ത്തുർറഹ്മാനിന്റെ അങ്കണത്തിൽനിന്ന് പുറത്തേക്ക് കടന്നതും ജമാഅത്ത് സഹോദരങ്ങളുടെ കൈകൾ അന്തരീക്ഷത്തിൽ ഉയർന്നുതന്നെയിരുന്നു. എല്ലാ ഭാഗത്തുനിന്നും അസ്സലാമു അലയ്ക്കും, ഫീ അമാനില്ലാഹ്, ഖുദാ ഹാഫിള് എന്നിങ്ങനെയുള്ള ദുആ വാക്യങ്ങൾ അന്തരീക്ഷത്തിൽ മുഖരിതമായിരുന്നു.

ഏകദേശം 8.40-ന് ഹുദൂർ അൻവർ എയർപ്പോർട്ടിലെത്തി. സാധനങ്ങളുടെ ബുക്കിംഗ്, ബോർഡിംഗ് പാസ് തുടങ്ങിയ പ്രാഥമികകാര്യങ്ങൾ ഹുദൂർ എത്തുന്നതിനുമുമ്പേ പൂർത്തീകരിച്ചു. ഹുദൂർ വാഹനത്തിൽനിന്ന് പുറത്തു വന്നതും എയർപ്പോർട്ടിലെ പ്രോട്ടോകോൾ ഓഫീസർ ഹുദൂറിനെ സ്വീകരിക്കാനെത്തി. ഹുദൂറിനെ എയർപ്പോർട്ടിന്റെ അകത്തേക്ക് ആനയിച്ചു. എമിഗ്രേഷൻ ക്ലിയറൻസിന് പ്രത്യേക സംവിധാനം ഒരുക്കിയിരുന്നു. തുടർന്ന് ഒരു സപെഷ്യൽ ലോഞ്ചിലേക്ക് പോയ ഹുദൂർ അൻവർ 10.15-ന് ഫ്ളൈറ്റിനുള്ളിൽ പ്രവേശിച്ചു.

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതു കൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)***

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:**
**'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'**
**(തിർമുദി)**

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

യു.എസ്.എ ജമാഅത്ത് അമീർ സാഹിബ്സാദാ മിർസാ മഗ്ഫൂർ അഹ്മദ് സാഹിബ്, അമീർ സാഹിബിന്റെ ഭാര്യ സാഹിബ്സാദി അമത്തുൽ മുസവ്വിർ സാഹിബ, നാഇബ് അമീർ ഡോക്ടർ നസീം റഹ്മത്തുല്ലാഹ് സാഹിബ്, നാഇബ് അമീർ മലിക് വസീം അഹ്മദ് സാഹിബ്, യു.എസ്.എ ഹ്യുമാനിറ്റി ഫസ്റ്റ് ചെയർമാൻ മുൻയിം നയീം സാഹിബ് എന്നിവർ ഹുദൂറിന് യാത്രയയപ്പ് നല്കാനെത്തിയിരുന്നു. ഇവർക്കെല്ലാവർക്കും ഹുദൂറിന് ഹസ്തദാനം ചെയ്യാനും അവസരം ലഭിച്ചു. സാഹിബ് സാദി അമത്തുൽ മുസവ്വിർ സാഹിബ ഹുദൂറിന് യാത്രാമംഗളം ഓതി. ശേഷം ഹുദൂർ ഫ്ളൈറ്റിലേക്ക് പോയി.

**ഹുദൂർ ലണ്ടനിലേക്ക്**

ബ്രിട്ടീഷ് എയർവേയ്സിന്റെ BA292 ഫ്ളൈറ്റ് 10.40-ന് വാഷിംഗ്ടണിലെ ഡല്ലസ് ഇന്റർനാഷണൽ എയർപ്പോർട്ടിൽനിന്ന് ലണ്ടനിലെ ഹീത്രൂ എയർപ്പോർട്ടിലേക്ക് പറന്നു. ആറേമുക്കാൽ മണിക്കൂർ തുടർച്ചയായി പറന്നതിനുശേഷം ബ്രിട്ടന്റെ പ്രാദേശിക സമയം നവംബർ 6-ാം തിയതി ചൊവ്വാഴ്ച രാവിലെ 10.25 ന് ഹീത്രൂ എയർപ്പോർട്ടിലെത്തി. ഫ്ളൈറ്റിന്റെ വാതിലിൽ എയർപ്പോർട്ടിലെ പ്രോട്ടോക്കോൾ ഓഫീസർ ഹുദൂറിനെ സ്വീകരിച്ചു.

സ്പെഷ്യൽ ലോഞ്ചിലേക്ക് പോയ ഹുദൂർ അൻവറിനെ യു.കെ ജമാഅത്ത് അമീർ റഫീഖ് ഹയാത്ത് സാഹിബ്, അഡീഷണൽ വക്കീലുൽ മാൽ ലണ്ടൻ മുബാറക് അഹ്മദ് സഫർ സാഹിബ്, മുഹ്തമിം ഉമൂമി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ യു.കെ ഹുദൂറിനെ സ്വീകരിക്കാനെത്തിയിരുന്നു. എമിഗ്രേഷൻ ഓഫീസറും ലോഞ്ചിൽ വന്ന് പാസ്പോർട്ട് നോക്കി. 11.35-ന് എയർപ്പോർട്ടിൽനിന്ന് മസ്ജിദ് ഫള്ൽ ലണ്ടനിലേക്ക് പോയി. അവിടെ ജമാഅത്ത് സഹോദരി സഹോദരന്മാർ ഹുദൂറിനെ സ്വീകരിക്കാൻ തടിച്ചു കൂടിയിരുന്നു. മസ്ജിദിന്റെ അങ്കണം തോരണങ്ങൾകൊണ്ട് അലങ്കരിച്ചിരുന്നു. ഹുദൂർ കൈയുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറയുകയും താമസസ്ഥലത്തേക്ക് പോകുകയും ചെയ്തു.

ഹുദൂറിനോടൊപ്പം ഈ സന്ദർശനത്തിൽ അനുഗമിക്കാൻ ഭാഗ്യം സിദ്ധിച്ചവർ താഴെ പറയുന്നവരാണ്.

മുനീർ അഹ്മദ് ജാവേദ് സാഹിബ്, പ്രൈവറ്റ് സെക്രട്ടറി, ആബിദ് വഹീദ് ഖാൻ സാഹിബ്, ഇൻചാർജ് പ്രസ് ആൻഡ് മീഡിയ ഓഫീസ് ലണ്ടൻ, സയ്യിദ് മുഹമ്മദ് അഹ്മദ് നാസിർ, നാഇബ് ഓഫീസർ പ്രത്യേക സെക്യൂരിറ്റി വിഭാഗം,ലണ്ടൻ, നാസിർ അഹ്മദ് സയീദ് സാഹിബ്, സെക്യൂരിറ്റി വിഭാഗം, മഹ്മൂദ് അഹ്മദ് ഖാൻ സാഹിബ്, സെക്യൂരിറ്റി വിഭാഗം, സഖാവത്ത് ബാജ്വ സാഹിബ്, സെക്യൂരിറ്റി വിഭാഗം, മിർസാ ലയീഖ് അഹ്മദ് സാഹിബ്, ഈ വിനീതൻ അബ്ദുൽ മജീദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ, ലണ്ടൻ.

അമേരിക്കയിൽനിന്ന് ഡോക്ടർ തൻവീർ അഹ്മദ് സാഹിബ് ഈ യാത്രയിൽ തുടക്കം മുതൽ അവസാനം വരെ യാത്രാ സംഘത്തോടൊപ്പം ഉണ്ടായിരുന്നു. യാത്ര ആരംഭിക്കുന്നതിനു രണ്ടു ദിവസം മുമ്പേതന്നെ അമേരിക്ക അമീർ സാഹിബ് അദ്ദേഹത്തെ ലണ്ടനിലേക്ക് അയച്ചിരുന്നു. യാത്രാ സംഘത്തോടൊപ്പം അദ്ദേഹം അനുഗമിക്കുകയും യാത്രാവസാനംവരെ അനുഗമിക്കുകയും ചെയ്തിരുന്നു.

ഡോക്ടർ ഹാമിദുല്ലാഹ് ഖാൻ സാഹിബിനും (യു.കെ) ഹുദൂർ അമേരിക്കയിൽ താമസിക്കുന്ന കാലയളവിൽ യാത്രാ സംഘത്തിനോടൊപ്പം അനുഗമിക്കാനുള്ള ഭാഗ്യം കിട്ടി.

എം. ടി. എ ഇന്റർനാഷണൽ യു.കെയുടെ ചുവടെ ചേർക്കുന്ന അംഗങ്ങളും ഈ സന്ദർശന വേളയിൽ ഹുദൂറിനെ അനുഗമിച്ചിരുന്നു. ഇവർ ചില പ്രോഗ്രാമുകളുടെ ലൈവ് ട്രാൻസ്മിഷൻ, ഇതര പ്രോഗ്രാമുകൾ കവറേജ് ചെയ്യൽ, റെക്കോഡിംഗ് തുടങ്ങിയ പ്രവൃത്തികൾ നിർവഹിച്ചു.

മുനീർ ഔദ സാഹിബ്, തൗഖീർ അഹ്മദ് മിർസാ സാഹിബ്, ഗാലിബ് ഖാൻ സാഹിബ്, അദ്നാൻ സാഹിദ് സാഹിബ്, ഹാമിദുല്ലാഹ് നാസിർ സാഹിബ്, സഫീറുദ്ദീൻ ഖമർ സാഹിബ്, അലി അഹ്മദ് സാഹിബ് (സോഷ്യൽ മീഡിയ).

എം.ടി.എ ആഫ്രിക്കയുടെ കീഴിൽ ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് കവറേജ് ചെയ്യുന്നതിനായി ഉമർ സഫീർസാഹിബ്, ഇൻചാർജ് എം.ടി.എ ആഫ്രിക്കക്കും ഈ യാത്ര സംഘത്തെ അനുഗമിക്കാൻ ഭാഗ്യം ലഭിച്ചു.

റിവ്യൂ ഓഫ് റിലീജ്യൺസിനു കീഴിൽ ഈ പര്യടനം കവറേജ് ചെയ്യുന്നതിനുവേണ്ടി എഡിറ്റർ ആമിർ സഫീർ സാഹിബിനും അനുഗമിക്കാൻ ഭാഗ്യം ലഭിച്ചു.

കേന്ദ്ര മഖ്സനെ തസാവീർ വകുപ്പിൽനിന്ന് അമീർ അലീം സാഹിബിനും ഇൻചാർജ് അദീർ അഹ്മദ് സാഹിബിനും ഈ യാത്രാ സംഘത്തിൽ ഉൾപ്പെടാനുള്ള ഭാഗ്യം ലഭിച്ചു. അല്ലാഹു അവർക്ക് ലഭിച്ച ഈ സൗഭാഗ്യം അനുഗൃഹീതമാക്കട്ടെ.

(അവലംബം ബദ്ർ ഉർദു പത്രം, 16-23 മെയ് 2019)

(പേജ് 2ൽനിന്ന്)

**ബൂ ലാറയ്ബ ഫീഹി ഹുദൻല്ലിൽ മുത്തഖീൻ"** എന്നാണ് പറഞ്ഞിരിക്കുന്നത്. അല്ലാഹുവിന്റെ അറിവിൽനിന്ന് വെളിച്ചം കണ്ട ഗ്രന്ഥമാണിത്. അജ്ഞതയിൽ നിന്നും ഓർമക്കേടിൽനിന്നും സംശുദ്ധമാണ് അതിലെ ജ്ഞാനം. ഇതുകൊണ്ട് എല്ലാ സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും ഒഴിഞ്ഞതാണ് ഈ ഗ്രന്ഥം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ അസാമാന്യ അറിവ് മനുഷ്യരുടെ പരിപൂർണതയ്ക്കായി പരിപൂർണശക്തി ഉൾക്കൊള്ളുന്നതാണ്. അതുകൊണ്ട് ഈ ഗ്രന്ഥം മുത്തഖികൾക്ക് പരിപൂർണ മാർഗദർശനമാകുന്നു. [3] മനുഷ്യപ്രകൃതിക്ക് പ്രാപിക്കാവുന്നതിന്റെ അവസാനസ്ഥാനംവരെ അത് അവരെ എത്തിക്കുന്നു. അല്ലാഹു ഈ വചനങ്ങളിൽ പറയുന്നു: അദൃശ്യനായ അല്ലാഹുവിൽ വിശ്വസിക്കുന്നവരും നമസ്കാരം നിലനിറുത്തുന്നവരും തന്റെ സമ്പത്തിൽനിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരും വിശുദ്ധഖുർആനിലും, മുമ്പേ അല്ലാഹു ഇറക്കിയിട്ടുള്ള ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവരുമാണ് മുത്തഖികൾ. സന്മാർഗത്തിന്റെ തലപ്പത്തിരിക്കുന്നവരും മോക്ഷം പ്രാപിക്കുന്നവരും അവർ തന്നെയാണ്.

നബികരീമിനെ(സ) വിശ്വസിക്കാതെ, അദ്ദേഹത്തിന്റെ മാർഗദർശനമനുസരിച്ച് നമസ്കാരം തുടങ്ങിയവ അനുഷ്ഠിക്കാതെ മോക്ഷം ലഭിക്കുകയില്ലെന്ന് ഈ വചനങ്ങളിൽനിന്ന് മനസ്സിലാകുന്നു. നബികരീമിന്റെ കോന്തല വിട്ടുകൊണ്ട് കേവലം ശുഷ്കിച്ച തൗഹീദിൽ അഥവാ ഏകദൈവവിശ്വാസത്തിൽ മോക്ഷം തേടുന്നവർ അസത്യത്തിലാണുള്ളത്. എന്നാൽ, ഈ വിശ്വാസം പരിഹർത്തവ്യമാണ്. അതായത് അദൃശ്യനായ അല്ലാഹുവിനെ വിശ്വസിക്കുന്നവരും നമസ്കാരം നിലനിറുത്തുന്നവരും നോമ്പ് പിടിക്കുന്നവരും തങ്ങളുടെ സമ്പത്തിൽനിന്ന് ദൈവമാർഗത്തിൽ ചെലവഴിക്കുന്നവരും വിശുദ്ധഖുർആനിലും മുമ്പേ ഇറങ്ങിയിട്ടുള്ള ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവരുമായ സന്മാർഗികൾക്ക് ഹുദൻല്ലിൽമുത്തഖിൻ ഈ ഗ്രന്ഥം "അവർക്ക് മാർഗദർശനം നൽകും" എന്നു പറയുന്നതിന്റെ അർഥമെന്താണ്? അവരാണെങ്കിൽ ഈ എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ട് മുമ്പേതന്നെ സന്മാർഗം പ്രാപിച്ചവരാണുതാനും. പ്രാപിച്ചവരെ വീണ്ടും പ്രാപിപ്പിക്കുക എന്നത് നിരർഥമായ കാര്യമാകുന്നു.

ഇതിനുള്ള മറുപടി വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തിട്ടും പരിപൂർണമായ ഇസ്തിഖാമത്തിന്റേയും അഥവാ സമ്പൂർണ്ണ സ്ഥിരതയുടേയും പരിപൂർണമായ ഉന്നതിയുടേയും ആശ്രിതരാണ് അവർ എന്നതാകുന്നു. അതിന് മാർഗദർശനം നൽകുന്നത് അല്ലാഹു മാത്രമാണ്. മനുഷ്യന്റെ അധ്വാനത്തിന് അതിൽ ഒരു പങ്കുമില്ല. ഇസ്തിഖാമത്ത് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം കൊടുമയേറിയ പരീക്ഷണസമയത്ത് കാലിടറിപ്പോകാത്തവിധമുള്ള സത്യവിശ്വാസം ഹൃദയത്തിൽ രൂഢമൂലമാവുക എന്നതാണ്. സന്തോഷം പ്രദാനം ചെയ്യുന്നതും വിഷമവും കയ്പും തോന്നാത്തതും അതില്ലാതെ ജീവിക്കാൻ പറ്റാത്തതുമായ രീതിയിലും നിലയിലുമുള്ള സൽകർമങ്ങൾ ഉണ്ടാകുക. ആ കർമങ്ങൾ ആത്മാവിന് പോഷകവും ഭക്ഷണവും മധുരമുള്ള പാനീയവും ആയിത്തീരുകയും അതുകൂടാതെ ജീവിക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമാവുകയും വേണം. ചുരുക്കത്തിൽ ഇസ്തിഖാമത്തിന്റെ(സ്ഥിരചിത്തതയുടെ) നില മനുഷ്യന് സ്വന്തം പരിശ്രമം കൊണ്ടു മാത്രം ഉണ്ടാക്കിയെടുക്കാൻ സാധ്യമല്ല. മറിച്ച് ആത്മാവിന് അല്ലാഹുവിൽനിന്ന് സമൃദ്ധി ഉണ്ടാകുന്നതുപോലെ അഭൗമികമായ ആ ഇസ്തിഖാമത്തും അല്ലാഹുവിൽനിന്നുതന്നെ ഉണ്ടാകണം.

ആരാധനയും സത്യവിശ്വാസവും മനുഷ്യൻ തനിക്ക് കഴിയുന്നിടത്തോളം അതിന്റെ ഉത്തുംഗസ്ഥാനത്തെത്തിക്കുക എന്നതാണ് അഭിവൃദ്ധി കൊണ്ടുദ്ദേശിക്കുന്നത്. ഇതിനുപുറമെ അല്ലാഹുവിന്റെ കൈകൊണ്ടുമാത്രം സാധിക്കുന്ന ആ അവസ്ഥകളും ഉണ്ടാകണം. മനുഷ്യന്റെ പരിശ്രമവും ബുദ്ധിയും അദൃശ്യനായ ദൈവത്തെ വിശ്വസിക്കുക എന്ന നിലവരെ മാത്രമേ നയിക്കുകയുള്ളുവെന്നത് വ്യക്തമാണ്. ഇക്കാരണത്താൽ മനുഷ്യന് വഹിക്കാവുന്നതിനെക്കാൾ കൂടുതൽ ഭാരം അവന് കൊടുക്കാൻ ആഗ്രഹിക്കാത്ത ന്യായപ്രമാണം അവൻ തന്റെ ശക്തികൊണ്ട് അദൃശ്യത്തിൽ വിശ്വസിക്കുക എന്നതിനെക്കാളുപരി ഒരു വിശ്വാസം കരസ്ഥമാക്കാൻ നിർബന്ധിക്കുന്നില്ല. അതേ സന്മാർഗികൾക്ക് 'ഹുദൻല്ലിൽ മുത്തഖീൻ' എന്ന ആയത്തിൽ, അവർ അദൃശ്യത്തിലുള്ള വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും തങ്ങളെക്കൊണ്ട് ആവുന്നത്ര പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അല്ലാഹു ഈമാന്റെ അഥവാ സത്യവിശ്വാസത്തിന്റെ അവസ്ഥയിൽനിന്ന് 'ഇർഫാന്റെ' അഥവാ ദൈവജ്ഞാനത്തിന്റെ അവസ്ഥവരെ എത്തിക്കുമെന്ന് വാഗ്ദാനം നൽകിയിരിക്കുന്നു. അപ്പോൾ അവരുടെ വിശ്വാസത്തിന് മറ്റൊരു നിറമുണ്ടാകും. തന്നിലേക്ക് വരുന്നവരെ അവരുടെ പരിശ്രമം കൊണ്ട് ഇവർ നേടിയെടുക്കുന്ന വിശ്വാസത്തിലും അവർ ചെയ്യുന്ന കർമങ്ങളിലും മാത്രം അവരെ ഒതുക്കി നിറുത്താൻ വിശുദ്ധ ഖുർആൻ ആഗ്രഹിക്കുന്നില്ലെന്നത് അതിന്റെ സത്യതയ്ക്കുള്ള ഒരു അടയാളമാണ്. കാരണം, അങ്ങനെയായാൽ അല്ലാഹു യഥാർഥത്തിൽ ഉണ്ടെന്ന് അറിയുന്നതെങ്ങനെ? അതുകൊണ്ട് അല്ലാഹു മാനുഷികമായ പരിശ്രമത്തിന്റെ നെറുകയിൽ, തന്നിൽനിന്ന് ഒരു കനി വെച്ചുകൊടുക്കുന്നു. ദൈവികമായ തിളക്കവും നിയന്ത്രണവും അതിലുണ്ടാകുന്നു. ഉദാഹരണത്തിന് ഞാൻ വിശദീകരിക്കുകയുണ്ടായി. പ്രപഞ്ചത്തിന്റെ ഓരോ അംശവും സാക്ഷിപറയുന്ന ആ അദൃശ്യനായ ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുക എന്നതിനെക്കാളുപരി മനുഷ്യന് മറ്റെന്താണ് ചെയ്യാൻ കഴിയുക. തന്റെ നടപ്പും തന്റെ കഠിനാധ്വാനവും തന്റേതായ ശക്തിയുംകൊണ്ട് ദൈവിക പ്രകാശത്തിനുമേൽ അറിവുനേടുകയും 'ഈമാനിക'ാവസ്ഥയിൽനിന്ന് 'ഇർഫാനീ' അവസ്ഥവരെ എത്തുകയും 'മുശാഹദ'യുടേയും 'റുഅയ'ത്തിന്റേയും അവസ്ഥ തന്റെ ഉള്ളിൽ സൃഷ്ടിക്കുകയും ചെയ്യുക എന്നത് മനുഷ്യകഴിവിൽപ്പെട്ടതല്ല.

സാധിക്കുന്നിടത്തോളം പരിശുദ്ധിയോടും വൃത്തിയോടുംകൂടി സമാധാനത്തോടെ നമസ്കരിക്കുകയും വീണുപോകാതെ അതിനെ സംരക്ഷിക്കാൻ ശ്രമിക്കുകയും അതിൽ ചൊല്ലേണ്ട കാര്യങ്ങളായ അല്ലാഹുവിനെ സ്തുതിക്കുക, പശ്ചാത്തപിക്കുക, പൊറുക്കലിനെ തേടുക, പ്രാർഥിക്കുക, സ്വലാത്തു ചൊല്ലുക തുടങ്ങിയവപാലിക്കുകയും ചെയ്യുക എന്നതല്ലാതെ മറ്റെന്താണ് മനുഷ്യനെക്കൊണ്ട്

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 9 July 2020 Issue-28

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

സാധിക്കുക? അസാധാരണമായ യഥാർഥസ്നേഹവും ഭയഭക്തിയും ധ്യാനത്താൽ നിറയ്ക്കപ്പെട്ട ആനന്ദവും അഭിരുചിയും മാലിന്യങ്ങളെല്ലാം ഒഴിഞ്ഞ സാന്നിധ്യവുമുള്ള–അല്ലാഹുവിനെ കാണുന്നതുപോലെയുള്ള–ഒരവസ്ഥ നമസ്കാരത്തിൽ ഉണ്ടാക്കുക എന്നത് മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. നമസ്കാരത്തിൽ ഈ അവസ്ഥ ഉണ്ടാകാത്തിടത്തോളം അത് ന്യൂനതയിൽനിന്ന് മുക്തവുമല്ല. അതുകൊണ്ട് അല്ലാഹുതആല പറഞ്ഞു. മുത്തഖികൾ നമസ്കാരം നിലനിറുത്തുന്നവരാണെന്ന്! വീഴാൻ പോകുന്നതിനെയാണ് പിടിച്ചുനിറുത്താറുള്ളത്. 'യുഖീമുനസ്സ്വലാത്ത' എന്നതിന്റെ അർഥം അവരെക്കൊണ്ടു കഴിയുന്നിടത്തോളം നമസ്കാരത്തെ നിലനിറുത്താൻ ശ്രമിക്കുക എന്നാണ്. വിഷമങ്ങൾ സഹിച്ചും കഠിനാധ്വാനത്തോടെയും അല്ലാഹുവിന്റെ മാർഗത്തിൽ പ്രവൃത്തിക്കുക. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ മനുഷ്യന്റെ പരിശ്രമങ്ങൾ നിഷ്ഫലമാണ്. അതുകൊണ്ട് ആദരവുടയനും കരുണാമയനുമായ അവൻ പറഞ്ഞു: **'ഹുദൻല്ലിൽ മുത്തഖീൻ'** അവരെക്കൊണ്ട് സാധിക്കുന്നിടത്തോളം തഖ്‌വയുടെ അഥവാ ഭയഭക്തിയുടെ മാർഗത്തിൽ നമസ്കാരം നിലനിറുത്താൻ അവർ പരിശ്രമിക്കട്ടെ. പിന്നീട് അവർ എന്റെ ഗ്രന്ഥത്തിൽ വിശ്വസിക്കുകയാണെങ്കിൽ അവരുടെ പരിശ്രമത്തിലും അധ്വാനത്തിലും മാത്രം ഞാനവരെ ഒതുക്കി നിറുത്തുകയില്ല. മറിച്ച് ഞാൻതന്നെ അവരെ സഹായിക്കും. അപ്പോൾ അവരുടെ നമസ്കാരത്തിന് മറ്റൊരു നിറം പകർന്നുകിട്ടുകയും അവരുടെ ഭാവനയിൽപോലും കാണാത്ത മറ്റൊരു അവസ്ഥ അവരിൽ സംജാതമാക്കുകയും ചെയ്യും. അവർ അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനിൽ വിശ്വസിക്കുകയും കഴിവിന്റെ പരമാവധി അതിലെ കല്പനകളനുസരിച്ച് പണിയെടുക്കുകയും ചെയ്തതുകൊണ്ടുമാത്രമാണ് ഈ അനുഗ്രഹം അവർക്കുണ്ടാകുന്നത്. ചുരുക്കത്തിൽ, മനുഷ്യന്റെ നയനം തന്റെ യഥാർഥ സുഹൃത്തായ അല്ലാഹുവിനെ ദർശിക്കുന്നതിനുവേണ്ടി തുറക്കപ്പെടാൻ സ്വതസിദ്ധമായ ആവേശവും വ്യക്തിഗതമായ സ്നേഹവും ഭയഭക്തിയും പൂർണമായ ഹൃദയസാന്നിധ്യവും കൈവരിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ സൗന്ദര്യം ദർശിക്കുന്നതിന് ആത്മീയാനന്ദംകൊണ്ട് അടിമുടി നിറഞ്ഞതും ദുഷ്ടതകളും സംസാരപരവും കർമപരവും ദൃശ്യപരവും ശ്രവണപരവുമായ പലവിധ പാപങ്ങളിൽനിന്ന് ഹൃദയത്തെ മാറ്റിനിറുത്തുന്നതുമായ അഭൗമികാവസ്ഥ പ്രാപിക്കണം. അല്ലാഹു പറഞ്ഞതുപോലെ **'ഇന്നൽ ഹസനാത്തി യുദ്ഹിബ്നു സ്സയ്യിആത്ത്'** തീർച്ചയായും സൽകർമങ്ങൾ ദുഷ്കർമങ്ങളെ അകറ്റിക്കളയുന്നു.(11:115)

ഇപ്രകാരംതന്നെയാണ് ധനപരമായ ആരാധനയും. എത്രത്തോളം മനുഷ്യന് തന്റെ പരിശ്രമംകൊണ്ട് ചെയ്യാൻ കഴിയുമോ അതു കേവലം തന്റെ പ്രിയപ്പെട്ട ധനത്തിൽനിന്ന് കുറച്ച് അല്ലാഹുവിനുവേണ്ടി കൊടുക്കുക എന്നതാണ്. അല്ലാഹു ഇതേ സൂറത്തിൽ **വ മിമ്മാ റസഖ്നാഹും യുൻഫിഖൂൻ** എന്നു പറഞ്ഞതുപോലെ. മറ്റൊരു സ്ഥലത്ത് പറയുന്നു: **ലൻ തനാലുൽ ബിർറഹത്താ തുൻഫുഖൂ മിമ്മാ തുഹിബ്ബൂൻ**(3:93) പക്ഷേ, ധനപരമായ ഇബാദത്ത് മനുഷ്യൻ തനിക്കു പ്രിയപ്പെട്ട ധനത്തിൽനിന്ന് കുറച്ച് അല്ലാഹുവിന്റെ വഴിയിൽ ഇത്രത്തോളം കൊടുക്കുകയാണെങ്കിൽ ഇത് വലിയ ശ്രേഷ്ഠതയൊന്നുമല്ല. ശ്രേഷ്ഠത എന്നു പറയുന്നത് മുഴുവനും കൊടുക്കുകയെന്നതാണ്. എന്തൊന്നാണോ അവന്റേത് അത് അവന്റേതല്ല മറിച്ച് അല്ലാഹുവിന്റേതായിത്തീരണം. എത്രത്തോളമെന്നാൽ ജീവൻവരെ അല്ലാഹുവിന്റെ വഴിയിൽ അർപിക്കാൻ തയ്യാറാകുക. കാരണം അതും മിമ്മാ റസഖ്നാഹും എന്നതിൽപ്പെട്ടതാണ്. അല്ലാഹു പറഞ്ഞ മിമ്മാ റസഖ്നാഹും എന്നതിൽ കേവലം ദിർഹമും ദീനാറും മാത്രമല്ല വരുന്നത്. പ്രത്യുത ഇത് വളരെ വിശാലമായി പദമാണ്. അതിൽ മനുഷ്യനു നല്കപ്പെട്ട എല്ലാ നിഅ്മത്തുകളും പെടുന്നു.

ചുരുക്കിപറഞ്ഞാൽ ഇവിടേയും **ഹുദല്ലിൽ മുത്തഖീൻ** എന്ന് അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം മനുഷ്യന് നല്കപ്പെട്ടിരിക്കുന്ന എല്ലാ ഓരോ തരത്തിലുള്ള നിഅ്മത്തുകളും ഉദാഹരണത്തിന് അവന്റെ ജീവനും ആരോഗ്യവും അറിവും ശക്തിയും ധനം തുടങ്ങിയവയിൽനിന്ന് നല്കപ്പെട്ടത്. അതിനെ അപേക്ഷിച്ച് മനുഷ്യന് സ്വന്തം പരിശ്രമംകൊണ്ട് **മിമ്മാറസഖ്നാഹും യുൻഫിഖൂൻ** വരെ മാത്രമേ തന്റെ ആത്മാർഥത പ്രകടിപ്പിക്കാൻ സാധിക്കുകയുള്ളു. അതിനെക്കാളുപരി മാനുഷികമായ കഴിവുകൾ ശക്തിഉൾക്കൊള്ളുന്നില്ല. പക്ഷേ, വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്നവർക്ക് അവർ **മിമ്മാ റസഖ്നാഹും യുൻഫിഖൂൻ** ന്റെ പരിധിവരെ തങ്ങളുടെ സത്യസന്ധത പ്രകടിപ്പിക്കുകയാണെങ്കിൽ **ഹുദല്ലിൽ മുത്തഖീൻ** എന്ന ആയത്തുകൊണ്ട് ഇത്തരം ആരാധനകളിലും പൂർണതവരെ അവനെ എത്തിക്കുമെന്ന അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. **(തുടരും)**

---

*(കുറിപ്പുകൾ):*

*1. മനുഷ്യൻ സത്യദീനിലായിരിക്കുമ്പോൾ സൽക്കർമങ്ങളനുഷ്ഠിക്കുന്നതുകൊണ്ട് അല്ലാഹുവിൽനിന്ന് ഒരു സമ്മാനം പ്രാപിക്കുന്നുവെന്നതിലേക്കുള്ള ഒരു സൂചനയാണിത്. ഇപ്രകാരം അല്ലാഹുവിന്റെ നടപടി ഉണ്ടാകുന്നു. അതായത് സത്യമതത്തിലുള്ളവൻ തന്റെ പരിശ്രമത്താൽ നടക്കുകയും തന്റെ പ്രയത്നത്താൽ ചുവടുവെക്കുകയും ചെയ്യുന്നുവെന്ന പരിധിയിൽ നില്ക്കുകയില്ല. പ്രത്യുത അവന്റെ പ്രയത്നം പാരമ്യതയിലെത്തുകയും മാനുഷികമായ ശക്തികളുടെ പ്രവൃത്തികൾ അവസാനിക്കുകയും ചെയ്യുമ്പോൾ ദൈവകാരുണ്യം അവന്റെ അസ്ത്വത്തിൽ തന്റെ പ്രവൃത്തി ചെയ്യുകയും അവന്റെ സ്വന്തം പരിശ്രമംകൊണ്ട് അവന് എത്താൻ കഴിയാത്ത നിലവരെ ദൈവികമായ സന്മാർഗം ജ്ഞാനത്തിലും കർമത്തിലും ഈശ്വരീയജ്ഞാനത്തിലും അഭിവൃദ്ധിനല്കി അവനെ എത്തിക്കുകയും ചെയ്യുന്നു. മറ്റൊരു സ്ഥലത്ത് അല്ലാഹു **വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ** എന്നു പറഞ്ഞതുപോലെ. (29:70) ആരാണോ നമ്മുടെ വഴിയിൽ മുജാഹദ ചെയ്യുന്നത്, അതായത് അവനെക്കൊണ്ടും അവന്റെ കഴിവുകളെക്കൊണ്ടും അവന് ചെയ്യാൻ കഴിയുന്നത് ചെയ്തുകഴിയുമ്പോൾ അല്ലാഹുവിന്റെ കാരുണ്യം അവന്റെ കൈ പിടിക്കുകയും അവനെക്കൊണ്ട് ചെയ്യാൻ പറ്റാതിരുന്നത് ചെയ്തു കാണിക്കുകയും ചെയ്യുന്നു.*

*2. അബ്ദുൽ ഹക്കീം ഖാന്റെ പക്കൽ, അയാളുടെ എഴുത്തുകളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ഇസ്‌ലാമിന്റെ സത്യത്തിന് മതിയായ തെളിവ് കിട്ടാത്തവനും ഇസ്‌ലാമിൽനിന്ന് മുർത്തദ്ദായും മോക്ഷം പ്രാപിക്കാൻ കഴിയുമെന്നാണ്. കാരണം ഇസ്‌ലാമിന്റെ സത്യസന്ധതയിൽ അവന് തൃപ്തികരസ്ഥമായില്ല. എന്നാൽ, അയാളുടെ പക്കൽ ന്യായപൂർത്തീകരണത്തിന്റെ പരിധി ഏതുവരെയാണെന്ന് അയാൾ വിവരിക്കേണ്ടതായിരുന്നു.*

*3.അടിസ്ഥാനപരമായ നാലു ഉദ്ദേശ്യങ്ങൾ പൂർണമാകാത്തിടത്തോളം ഒരു ഗ്രന്ഥം സമ്പൂർണമാണെന്ന് പറയാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് അല്ലാഹു ഈ ആയത്തുകളിൽ വിശുദ്ധ ഖുർആന്റെ അടിസ്ഥാനപരമായ നാലു ഉദ്ദേശ്യങ്ങളെ കുറിച്ച് പറഞ്ഞത്. 1. ഇല്ലത്തെ ഫായിലി 2.ഇല്ലത്തെ മാദ്ദി 3. ഇല്ലത്തെ സ്വൂറി 4. ഇല്ലത്തെ ഗാഇ. വിശുദ്ധ ഖുർആനിൽ ഇവ നാലും പൂർണ നിലയിലാണുള്ളത്. അലിഫ് ലാം മീം ഇല്ലത്തെ ഫായിലിയുടെ പൂർണത സൂചിപ്പിക്കുന്നു. അതിന്റെ അർഥം അന അല്ലാഹു അഅ്ലമു അല്ലാഹുവായ ഞാൻ അദൃശ്യങ്ങൾ അറിയുന്നവനാകുന്നു. ഞാനാണ് ഈ ഗ്രന്ഥം ഇറക്കിയത്. അല്ലാഹുവാണ് ഈ ഗ്രന്ഥത്തിന്റെ ഇല്ലത്തെ ഫായിലി. അതുകൊണ്ട് ഈ ഗ്രന്ഥത്തിന്റെ കർത്താവ് എല്ലാ ഓരോ കർത്താവിനെക്കളും പ്രബലനും സമ്പൂർണനുമാണ്. ദാലിക്കൽ കിതാബ് ഇത് ഇല്ലത്തെ മാദ്ദിയെ സൂചിപ്പിക്കുന്നു. ഈ ഗ്രന്ഥം അല്ലാഹുവിന്റെ ജ്ഞാനത്താൽ വിശേഷവസ്ത്രം ധരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ജ്ഞാനം മറ്റെല്ലാ ജ്ഞാനത്തെക്കാളും സമ്പൂർണമാണെന്നതിൽ സംശയമില്ല. ലാ റയ്ബ ഫീഹി ഇല്ലത്തെ സ്വൂറിയുടെ സമ്പൂർണതയെ സൂചിപ്പിക്കുന്നു. അതായത് ഈ ഗ്രന്ഥം എല്ലാ തെറ്റുകളിൽനിന്നും സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും പരിശുദ്ധമാണ്. അല്ലാഹുവിന്റെ ജ്ഞാനത്താൽ പുറപ്പെട്ട ഗ്രന്ഥം സത്യവും എല്ലാ ന്യൂനതകൾക്കും അതീതവും അനുപമവും അതുല്യവുമായിരിക്കുമെന്നതിൽ എന്തു സംശയമാണുള്ളത്. ലാറയ്ബാണെന്നതിൽ സമ്പൂർണവും തികവുറ്റതുമാണ്. ഹുദല്ലിൽ മുത്തഖീൻ ഇല്ലത്തെ ഗാഇയുടെ സമ്പൂർണതയെ സൂചിപ്പിക്കുന്നു. സമ്പൂർണ സന്മാർഗം അടങ്ങിയ ഈ ഗ്രന്ഥം മുത്തഖീങ്ങൾക്കുള്ളതാണ്. മാനുഷികമായ സ്വഭാവത്തിന് എത്രത്തോളം കൂടുതൽ സന്മാർഗം ആവശ്യമാണോ അത് ഈ ഗ്രന്ഥംമുഖേന ലഭ്യമാണ്.*

**The Weekly BADR Qadian (Malayalam)**

ബദർ വീക്കിലി ഖാദിയാൻ Weekly BADAR Qadian Malayalam www.akhbarbadrqadian.in

*https://www.akhbarbadrqadian.in/*

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin